ത്തിന്റെ എല്ലാ ഭാഗത്തുമുള്ള കുട്ടികൾക്ക് പഠിക്കാൻ അവസരമുണ്ടാകണം. ശതമാനം വച്ച് നോക്കിയാൽ ഇപ്പോൾ പ്ലസ് ടു അനുവദിച്ചിരിക്കുന്നതിൽ ഒരു പരാതിയുമില്ല. ഓരോ സമുദായത്തിനും കൊടുക്കേണ്ടതിന്റെ കണക്ക് ഇവിടെയുണ്ട്. സമുദായംതിരിച്ച് ഓരോന്നിനേയും വിലയിരുത്തിയിട്ടുണ്ട്. പക്ഷേ ആ കണക്കിന്റെ അടിസ്ഥാനത്തിലല്ല മുന്നോട്ടു പോകേണ്ടത്. സൊസൈറ്റി, പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയവയ്ക്ക് ഏഴ് സ്കൂളുകളുണ്ട്. അങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ ഇപ്പോൾ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അത് കോളേജിന്റെ ഫീഡിംഗ് ഏരിയയിൽ വേണം. അവികസിത പ്രദേശങ്ങളിൽ വേണം, അതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ആ അപേക്ഷകൾ ഓരോന്നും പരിശോധിച്ച് സൗകര്യങ്ങളുള്ളിടത്ത്, ആവശ്യമുള്ളിടത്ത് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യത്തിന് പ്ലസ്ടു സ്കൂളുകൾ അനുവദിക്കും. ഓരോ അപേക്ഷയും പരിശോധിച്ചാണ് കൊടുക്കുന്നത്. ഓരോ അപേക്ഷയും പരിശോധിച്ച് അതിൽ സൗകര്യങ്ങളുള്ള ഏറ്റവും നല്ല സ്കൂളുകൾക്ക് പ്ലസ് ടു കൊടുക്കും.

ശ്രീ. ജോണി നെല്ലൂർ : സർ, 17.2.2000-ന് ഇറങ്ങിയ 299-ാം നമ്പർ നോട്ടിഫിക്കേഷൻ അനുസരിച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്ന അൺഎയിഡഡ് സ്കൂളുകൾക്ക് പ്ലസ് ടു കോഴ്സുകൾ തുടങ്ങാൻ ഗവൺമെന്റ് അനുവാദം നൽകുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഈ അപേക്ഷ ഓരോന്നും പരിശോധിച്ച് അർഹതയുള്ള, സൗകര്യങ്ങളുള്ള സ്കൂളുകൾക്ക് കൊടുക്കും..... ബഹളം.....

IV. റിപ്പോർട്ട് സമർപ്പണം

2000- ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. നിയമനിർമ്മാണകാര്യം

2000- ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഇസ്ഹാക് കുരിക്കൾ : Sir, I move that –"This House resolves to disapprove The Kerala Municipality (Amendment) Ordinance, 2000 (Ordinance No.4 of 2000)"

ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള ഈ ബിൽ രാഷ്ട്രീയ പ്രേരിതവും യുക്തിസഹവും നീതിപൂർവ്വകവുമല്ലാത്തതുമാണ് എന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയുകയാണ്. മറ്റ് ബില്ലുകളെ സംബന്ധിച്ചിടത്തോളം പരസ്പരവിരുദ്ധമാണ് ഈ ബിൽ എന്ന് ഞാൻ ആമുഖമായി അങ്ങയുടെ മുൻപിൽ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 19-ാം വകുപ്പിലെ 4-ാം ഉപവകുപ്പനുസരിച്ച് ചെയർ പേഴ്സന്റേയോ ഡെപ്യൂട്ടി ചെയർ പേഴ്സന്റേയോ പേരിൽ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം പരിഗണനയ്ക്ക് എടുക്കുമ്പോൾ പ്രസ്തുത യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടത് ഉദ്യോഗസ്ഥനാണ് എന്ന് തീരുമാനിക്കുന്നതിനാണ് അങ്ങ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇത് മുൻപത്തെ ആക്ടിൽ ഉണ്ടായിരുന്നതാണ്. അങ്ങ് കൊണ്ടുവന്ന തദ്ദേശഭരണ ഭേദഗതിയിൽ അതെടുത്തുകളഞ്ഞു. ഇപ്പോൾ വീണ്ടും കൊണ്ടുവരികയാണ്. അങ്ങ് ചർവിത ചർവ്വണം നടത്തുകയാണ് എന്ന് പറഞ്ഞാൽ അത് തെറ്റാകുമെന്ന് തോന്നുന്നില്ല. ഞാനൊരു കാര്യം ചോദിക്കട്ടെ, ഈ ഉദ്യോഗസ്ഥന് അധികാരം കൊടുത്താൽ നീതി പൂർവ്വം പെരുമാറുമോ? അങ്ങേയ്ക്കും എനിക്കും അറിയാമല്ലോ. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പഞ്ചായത്തിൽ അവിശ്വാസ പ്രമേയം കൊണ്ടു വന്നു. അങ്ങയുടെ പാർട്ടിക്ക് ഭൂരിപക്ഷമുണ്ടായിരുന്ന പഞ്ചായത്തിൽ അവിശ്വാസ പ്രമേയം കൊണ്ടു വന്നു. എന്താണ് ഉണ്ടായത്? ഉദ്യോഗസ്ഥന് അധികാരം കൊടുത്തിട്ട് ഉദ്യോഗസ്ഥൻ ആദ്ധ്യക്ഷം വഹിക്കാൻ തിരൂരങ്ങാടി പഞ്ചായത്തിൽ പോയോ? എന്തുകൊണ്ട് ഡെപ്യൂട്ടി ഡയറക്ടർ അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയിൽ തിരൂരങ്ങാടി പഞ്ചായത്തിൽ പോയില്ലെന്ന് പിറ്റേദിവസം നടന്ന ഡി.സി.സി,യിൽ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതെന്താണെന്ന അറിയാമോ? ബസ് കിട്ടിയില്ലെന്നാണ്. മറ്റൊരു പഞ്ചായത്തിൽ ഇതുപോലെ ഈ ഉദ്യോഗസ്ഥൻ അവിശ്വാസ പ്രമേയ ചർച്ചയിൽ പോയില്ല. പോകാത്തത് എന്താണ് എന്ന് അദ്ദേഹം പറഞ്ഞത് വയറിന് സുഖമില്ലായിരുന്നു എന്നാണ്. അങ്ങ് ഈ നിയമം കൊണ്ടുവന്നിട്ടുണ്ട്. ഭരണകക്ഷികൾക്ക് എതിരെയുള്ള അവിശ്വാസപ്രമേയങ്ങൾ ചർച്ച ചെയ്യാൻ വരുമ്പോൾ ഉദ്യോഗസ്ഥന് ബസ് കിട്ടാതിരിക്കുകയും വയറിളക്കം വരികയും ചെയ്യുന്നു എന്നു പറയുക, ഇതുപോലെയുള്ള നിയമങ്ങൾ നടത്തിയിട്ട് എന്താണ് കാര്യം? മനുഷ്യന്റെ നിയന്ത്രണത്തിന് അതീതമായത് മാത്രമേ മാറ്റി വയ്ക്കാൻ വകുപ്പുള്ളൂ. ബസ് കിട്ടിയില്ലെന്ന് പറഞ്ഞ് ഒരു ഡി.ഡി. അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയ്ക്കു വരാതിരിക്കുന്നത് അങ്ങയുടെ കാലഘട്ടത്തിലാണ്. അങ്ങേയ്ക്ക് അത് അന്വേഷിക്കുവാൻ പറ്റുമോ? അങ്ങയുടെ മറുപടി പ്രസംഗത്തിൽ അങ്ങനെയല്ല എന്ന് നിഷേധിക്കുവാൻ സാധിക്കുമോ? ഇങ്ങനെയുള്ള എത്ര പഞ്ചായത്തുകളുണ്ട്? ഈ നിയമത്തിൽ ഉദ്യോഗസ്ഥന്മാർക്ക് അധികാരം കൊടുത്തിട്ട് കാര്യമില്ല. മുകളിൽ നിന്നുള്ള അനിയന്ത്രിതമായ നിയന്ത്രണം ഒഴിവാക്കാൻ ഗവൺമെന്റ് എന്ന് തയ്യാറാകുന്നുവോ അന്ന് മാത്രമേ നന്നാകൂ. അതുകൊണ്ട് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. പഞ്ചായത്ത് മുനിസിപ്പൽ വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ വയ്ക്കരുത് എന്നാണ്. ആദ്ധ്യക്ഷം വഹിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻ നീതിപൂർവ്വകമായിരിക്കണമെങ്കിൽ നിഷ്പക്ഷമായിരിക്കണമെങ്കിൽ മറ്റ് വകുപ്പുകളിൽ നിന്ന്, റവന്യൂ വകുപ്പിൽ നിന്ന് സബ് കളക്ടറിൽ കുറയാത്ത ഒരാളെ അധികാരപ്പെടുത്തണം. ഒരു ജില്ലയിൽ നാലോ അഞ്ചോ മുനിസിപ്പാലിറ്റി മാത്രമേ ഉണ്ടാവുകയുള്ളൂ. ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്താൽ, അവർ അതിൽ ഉദ്യോഗസ്ഥനായി പങ്കെടുക്കണമെന്ന് ഒരു നിർദ്ദേശം വയ്ക്കണമെന്ന് ഞാൻ അങ്ങയോട് ആവശ്യപ്പെടുകയാണ്. 19-ാം വകുപ്പിൽ മുനിസിപ്പാലിറ്റിയിലെ ഒരു കൗൺസിലർ ഏതെങ്കിലുമൊരു യോഗത്തിൽ ക്രമരഹിതമായി പെരുമാറിയാൽ ഉടനെ സസ്പെന്റ് ചെയ്യാനുള്ള അധികാരം കൊടുത്തിരിക്കുകയാണ്. അങ്ങനെ അധികാരം കൊടുക്കണമെന്നുള്ള അഭിപ്രായമല്ല എനിക്കുള്ളത്. ഇവിടെ ഉള്ള നിയമങ്ങളെല്ലാം വളരെ നല്ലതാണ്. പക്ഷെ അതു പക്ഷപാതപരമായി ദുർവിനിയോഗം ചെയ്യുമ്പോൾ, അതിന്റെ പ്രയോജനം നമുക്ക് കിട്ടുന്നില്ല. നിയമമുണ്ടാക്കുന്നത് നല്ല ഉദ്ദേശത്തോടുകൂടിയാണ്. ഞാൻ ചോദിക്കട്ടെ, ഇങ്ങനെ രാഷ്ട്രീയ പ്രേരിതമായി സസ്പെന്റു ചെയ്യുകയില്ലെന്ന് പറയാൻ സാധിക്കുമോ? അതുപോലെ ക്രമരഹിതമായി പോകുന്ന ഒരാളെ സസ്പെന്റ് ചെയ്യണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. ഇല്ലെങ്കിൽ കൗൺസിലിനെ മുന്നോട്ട് കൊണ്ടു പോകാൻ സാധിക്കുകയില്ല. പക്ഷെ സത്യസന്ധമായി, നീതിപൂർവ്വം കളക്ടറിൽ കുറഞ്ഞ ഒരു ഉദ്യോഗസ്ഥൻ അന്വേഷണം നടത്തിയതിനുശേഷം മാത്രമേ ഒരു തീരുമാനമെടുക്കാൻ പാടുള്ളൂ.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : ഇത്ര ദിവസമെന്ന് ക്ലിപ്തപ്പെടുത്താതെയിരിക്കുന്നത്. (അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രലവൻ) ഒരു ദിവസത്തേയ്ക്ക് മാത്രമായി ലിമിറ്റ്ചെയ്തിരിക്കുകയല്ലേ?

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : ഒരു ദിവസമായാലും ഒരു മണിക്കൂറായാലും പ്രധാനപ്പെട്ട ചില വിഷയം കൗൺസിലിൽ പാസ്സാക്കണമെങ്കിൽ ശ്രീ. പ്രകാശ് ബാബുവിനെപ്പോലെയുള്ള കൗൺസിലർമാർ അതിനെതിരായി വരികയാണെങ്കിൽ ചെയർമാന് തൽക്കാലം അങ്ങയെ മാറ്റി നിർത്തിയിട്ട് അത് കൗൺസിലിൽ പാസ്സാക്കിയെടുത്തതിനുശേഷം വീണ്ടും കൊണ്ടുവരാം. അതാണ് അതിന്റെ രീതി. എന്താണ് അങ്ങ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : നിലവിലുള്ള നിയമത്തിൽ സസ്പെൻഷനുള്ള പീരിയഡ് പറയുന്നില്ല. എത്ര നാളത്തേയ്ക്ക് വേണമെങ്കിലും ആകാം.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : നിയമത്തിൽ സമയം പറയേണ്ട എന്നുതന്നെയാണ് ഇപ്പോഴും ഞാൻ പറയുന്നത്. കാരണം മൂന്ന് മാസമോ ആറ് മാസമോ സസ്പെന്റ് ചെയ്യേണ്ടി വരും. ചിലപ്പോൾ ഒരു ദിവസം സസ്പെന്റ് ചെയ്യേണ്ടിവരും. മെരിറ്റും വിഷയത്തിന്റെ ഗൗരവും കൂടി നോക്കിയിട്ടാണ് അത് തീരുമാനിക്കുക. വലിയ കുറ്റം ചെയ്താൽ ഒരു മണിക്കൂർ വയ്ക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. അതുകൊണ്ട് ചെയറിന് കൊടുക്കേണ്ട അല്ലെങ്കിൽ കൗൺസിലിനുകൊടുക്കേണ്ട അധികാരം, സമയം നിശ്ചയിക്കാനുള്ള അധികാരം അത് അങ്ങനെ തന്നെ നിലനിർത്തണമെന്നുള്ളതാണ് എന്റെ ഒരു നിർദ്ദേശം. മറ്റൊന്ന് 69-ാം വകുപ്പു പ്രകാരം തെരഞ്ഞെടുപ്പിനുവേണ്ടി മുനിസിപ്പാലിറ്റികളെ വാർഡുകളായി വിഭജിക്കുന്നതിനും അവയുടെ അതിർത്തി നിർണ്ണയിക്കുന്നതിനുമുള്ള വകുപ്പാണ്. മഞ്ചേരി നഗരസഭാവാർഡ് വിഭജനം നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം ഒന്ന് അന്വേഷിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ താമസിക്കുന്ന, എന്റെ വാർഡിൽ ആകെ ഏഴ് വീടുകളുണ്ട്. അടുത്ത ബൂത്തിൽപോയി വോട്ട് ചെയ്യാൻ സൗക

LIBRARY ARCHIVES Kerala Legislative Assembly

ര്യമുണ്ടായിരുന്ന ഞങ്ങൾക്ക് ഇപ്പോൾ വോട്ട് ചെയ്യാൻ രണ്ടു കിലോമീറ്റർ ദൂരം പോകണം. ഏഴ് വീടാണ് ഒരു വാർഡിൽ നിന്നുമാത്രം ഒരുമിച്ച് മാറ്റിയത്. ഇക്കാര്യം അങ്ങ് പരിശോധിക്കാൻ തയ്യാറാകണം. ആക്ടിൽ പറയുന്നത് മെയിൻ റോഡുകൾ ബൗണ്ടറിയാക്കണമെന്നാണ്. മെയിൻ റോഡ് ബൗണ്ടറിയാക്കാതെ പിന്നിലുള്ള ഇടവഴി ബൗണ്ടറിയാക്കിയാണ് വാർഡ് വിഭജനം നടത്തുന്നത്. അപ്പോൾ നിയമം ഇവിടെ കൊണ്ടുവന്നിട്ട് ഒരു നീതിയും ഉണ്ടാകുന്നില്ല; ഒരു പ്രതീക്ഷയും ഇല്ല. കാര്യങ്ങൾ പറയാതിരിക്കാൻ നിർവാഹമില്ലല്ലോ. വാർഡ് വിഭജനത്തിൽ നീതിപൂർവ്വമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ അങ്ങ് അവസരം നൽകണം. 4-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്ക് അഞ്ച് വർഷത്തേയ്ക്ക് കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുന്നതിന് അയോഗ്യനാക്കുമെന്നാണ്.

തെരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച് രസീത് കൊടുക്കാൻ ഈ ആക്ടിൽ പ്രൊവിഷനുണ്ടോ എന്ന് എനിക്കറിയില്ല. പലപ്പോഴും ഞാൻ അക്കാര്യം സൂചിപ്പിച്ചതാണ്. തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുമ്പോൾ അതിന് രസീത് കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന്, അഞ്ചാം വകുപ്പ് 383(എ) അനുസരിച്ച് പൊതു റോഡുകളോട് ചേർന്നുകിടക്കുന്ന ഭൂമിയുടെ അതിരിൽനിന്ന് മൂന്ന് മീറ്ററിനകത്ത് കെട്ടിട നിർമ്മാണം നിരോധിച്ചിരിക്കുന്നുവെന്ന് അങ്ങ് പറഞ്ഞു. ഈ എക്സംപ്ഷൻ എടുത്ത് കളയാതിരുന്നുവെങ്കിൽ ഇപ്പോൾ ഈ ബിൽ ഇവിടെ കൊണ്ടുവരേണ്ടിയിരുന്നോ? 410-ാം വകുപ്പ് മുനിസിപ്പൽ ആക്ടിൽ നിലനിർത്തിയിരുന്നുവെങ്കിൽ ഇന്ന് ഇതിന്റെ ആവശ്യമില്ലായിരുന്നു. ഞാൻ ചോദിക്കട്ടെ ഇത് നാഷണൽ ഹൈവേ ആക്റ്റിന് വിരുദ്ധമല്ലേ? ഈ ബിൽ കോൺട്രഡിക്റ്ററിയാണ്. പരസ്പര വിരുദ്ധമാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. ബഹുമാനപ്പെട്ട പി.ജെ. ജോസഫ് കൊണ്ടുവന്ന ബില്ലിൽ ഹൈവേ റോഡിൽനിന്നും അഞ്ച് മീറ്റർ വിടണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇരുനിലക്കെട്ടിടമായാലും ഒരു നില കെട്ടിടമായാലും അഞ്ച് മീറ്റർവിടണമെന്നാണ്. അങ്ങ് മൂന്ന് മീറ്റർ വിടാനുള്ള എക്സംപ്ഷൻ കൊണ്ടുവന്നാൽ ഇത് എങ്ങനെ പ്രായോഗികമാകും? മറുപടി പ്രസംഗത്തിൽ അങ്ങ് ഇക്കാര്യം വ്യക്തമാക്കണം. ഹൈവേ ആക്ടിന് കടകവിരുദ്ധമല്ലേ അങ്ങയുടെ ഭേദഗതി? അല്ലെങ്കിൽ അല്ല എന്ന് അങ്ങ് പറയണം. ഹൈവേ ആക്ട് പ്രകാരം അഞ്ച് മീറ്റർ എന്നുള്ളത് നിലനിൽക്കുമ്പോൾ അങ്ങ് കൊണ്ടുവന്ന നിയമമാണോ ഇവിടെ പ്രായോഗികമാകുന്നത്? ഇത് നാഷണൽ ഹൈവേ ആക്ടിന് വിരുദ്ധമായതുകൊണ്ട് ഒരു പുനർചിന്തനം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം 1999 ഒക്ടോബർ 15-ാം തീയതിവരെയുള്ള നിർമ്മാണങ്ങൾക്കുകൂടി ബാധകമാക്കാനും അതിനായി 407-ാം വകുപ്പ് ഭേദഗതി ചെയ്യാനും തീരുമാനിക്കുന്നു. അതിന്റെ സമയം 2000 മാർച്ച് 31-ാം തീയതിവരെ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

<u>ശ്രീ. പി.ജെ. ജോയി</u> : സാധാരണ ഒരു മാസത്തിന്റെ അവസാന ദിവസമൊക്കെ വയ്ക്കാം. ഒക്ടോബർ 15 എന്നുവച്ചത് ആരെയോ രക്ഷിക്കാനാണെന്നുള്ളത് അംഗീകരിക്കുന്നുണ്ടോ?

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : ഒക്ടോബർ 15-ന് എന്താണ് ഒരു പ്രസക്തി ഉള്ളത്? മാർച്ച് 31-വരെ നീട്ടിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം, മന്ത്രി എക്സംപ്ഷൻ എടുത്തുക

LIBRARY ARCHIVES Kerala Legislative Assembly

ളഞ്ഞു. ഇപ്പോൾ 'റെഗുലറൈസേഷൻ' എന്ന ഓമനപ്പേരിൽ അങ്ങയുടെ ഓഫീസിൽ നടക്കുന്നത് എന്താണെന്ന് അങ്ങേയ്ക്ക് അറിയാമോ? അങ്ങ് ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് ഇവിടെ ഇരിക്കുമ്പോൾ അവിടെ ഹിയറിംഗ് നടക്കുകയാണ്. പ്രൈവറ്റ് സെക്രട്ടറിയും ചീഫ് ടൗൺപ്ലാനറും മന്ത്രി ഇല്ലാത്ത സാഹചര്യത്തിൽ ഹിയറിംഗ് നടത്തുന്നു. ഇല്ലായെന്ന് അങ്ങേയ്ക്ക് നിഷേധിക്കുവാൻ സാധിക്കുമോ? മന്ത്രിയുടെ അധികാരം എങ്ങനെ പ്രൈവറ്റ് സെക്രട്ടറിയും ടൗൺ പ്ലാനറും എടുക്കുന്നു? മന്ത്രി ഇല്ലാത്ത സന്ദർഭത്തിൽ ചീഫ് ടൗൺപ്ലാനറും പ്രൈവറ്റ് സെക്രട്ടറിയും ഹിയറിംഗ് നടത്തുന്നു. റഗുലറൈസ് ചെയ്യുന്നതിന്റെ പിന്നിൽ അഴിമതിയുണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ അത് നിഷേധിക്കാൻ സാധിക്കുമോ? എത്രയെണ്ണത്തിന് ഹിയറിംഗുകൾ നടക്കുന്നു? അങ്ങയുടെ ഉദ്ദേശശുദ്ധിയേയും മാന്യതയേയും ഞാൻ ബഹുമാനിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി തെറ്റുചെയ്യുമെന്നുള്ള വിശ്വാസം എനിക്കില്ല. പക്ഷേ അങ്ങയെ റബ്ബർ സീലാക്കിക്കൊണ്ട് പിൻവാതിലിലൂടെ ഇതൊക്കെ നടക്കുന്നുവെന്ന് പറഞ്ഞാൽ അത് നിഷേധിക്കുവാൻ സാധിക്കുകയില്ല. കൊച്ചി നഗരത്തിലെ കാര്യം മാത്രം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. G.C.D.A യും ജില്ലാഭരണകൂടവും ടൗൺപ്ലാനിംഗ് വിംഗും കെട്ടിടങ്ങളുടെ സർവേ നടത്തുകയും പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായിട്ടുള്ളവ കണ്ടുപിടിച്ചു. അവ പൊളിക്കാൻ അവർ ഗവൺമെന്റിലേയ്ക്ക് എഴുതി. ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയുടെ കീഴിൽ എത്രയെണ്ണം റെഗുലറൈസ് ചെയ്തു കൊടുത്തു! പാവപ്പെട്ടവൻ ഒരു വീടുണ്ടാക്കിയാൽ അത് റഗുലറൈസ് ചെയ്തു കൊടുക്കണം. അതിനുതന്നെയാണ് മന്ത്രി. പാവപ്പെട്ടവൻ ഒരു വീടോ, ഒരു കക്കൂസോ, കുളിമുറിയോ, കിണറോ, നായ്ക്കൂടോ ഉണ്ടാക്കുന്നതിനെ റഗുലറൈസ് ചെയ്തു കൊടുക്കണം. കൊമേഴ്സ്യൽ ബിൽഡിംഗുപോലും റെഗുലറൈസ് ചെയ്ത് കൊടുത്തിട്ടുണ്ട്. അങ്ങ് പരിശോധിക്കണം. വിവിധ സ്ഥലങ്ങളിൽ ഇതുപോലുള്ള കൃത്രിമങ്ങൾക്ക് അങ്ങും ഗവൺമെന്റും കൂട്ടുനിൽക്കുന്നു. ഒരു വിജിലൻസ് എൻക്വയറി നടന്നാൽ, ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ഒരു അന്വേഷണം നടന്നാൽ സി.റ്റി.പി. ഒന്നും അവിടെ ഉണ്ടാകുകയില്ല. അങ്ങാണ് കുടുങ്ങുക. സി.റ്റി.പി. അദ്ദേഹത്തിന് ഇഷ്ടമുള്ളവർക്ക് കൊടുക്കുന്നുണ്ട്. ഞാൻ ഒരു കാര്യം പറയാം. മഞ്ചേരിയിൽ ഒരു പാവപ്പെട്ട ആൾ വീടിനുവേണ്ടി ഒരു അപേക്ഷ കൊടുത്തു. മൂന്ന്, നാല് മാസത്തോളം ഫയൽ കണ്ടില്ല. ഫയൽ സി.റ്റി.പി.യുടെ ഓഫീസിലാണെന്ന് പറയും, പിന്നെ മന്ത്രിയുടെ ഓഫീസിലാണെന്ന് പറയും. അവസാനം സി.റ്റി.പി. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പറഞ്ഞത് എക്സംപ്ഷൻ കൊടുക്കാൻ പറ്റുകയില്ലെന്നാണ്. മാസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് എക്സംപ്ഷൻ കിട്ടി. എങ്ങനെയാണ് കിട്ടിയതെന്ന് എനിക്കറിയില്ല. ഞാൻ സൂചിപ്പിക്കുന്നത് ഈ കാര്യങ്ങളെക്കുറിച്ച് അങ്ങ് പഠിക്കണം. അങ്ങയെക്കുറിച്ച് എനിക്ക് അറിയാവുന്നതാണ്. അഴിമതിരഹിതമായ ജീവിതമാണ് അങ്ങ് നയിക്കുന്നതെന്ന് എനിക്കറിയാം. അതിൽ എനിക്ക് അഭിമാനമുണ്ട്. പക്ഷേ അങ്ങയുടെ സി.റ്റി.പി., അതുപോലെ ഉദ്യോഗസ്ഥർ പറയുന്നത് കേട്ട് പോകുകയാണങ്കിൽ അങ്ങേയ്ക്ക് ചീത്തപ്പേരുണ്ടാകുമെന്ന് ഞാൻ മുന്നറിയിപ്പുനൽകുന്നു. ആരാണ് സി.റ്റി.പി.? അയാൾ വിചാരിച്ചാൽ ആളുകൾക്ക് ഇവിടെ എക്സംപ്ഷൻ കിട്ടുന്നു. റഗുലറൈസ് ചെയ്യുന്നു. അങ്ങ് ഈ കാര്യങ്ങൾ ഗൗരവമായി എടുത്തില്ലെങ്കിൽ ഗവൺമെന്റിന് ചീത്തപ്പേരുണ്ടാകും. അതുകൊണ്ടുതന്നെ റഗുലറൈസ്ചെയ്ത കേസുകൾ പുനഃപരിശോധിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ 407-ാം വകുപ്പ് ആവശ്യമില്ല. 410-ാം വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

പുനഃസ്ഥാപിച്ചാൽ ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം രാജ്യപുരോഗതിക്ക് അത് അനിവാര്യമാണ്. നമ്മുടെ സമ്പദ്ഘടന ഉദ്ധരിച്ചു കൊണ്ട് നമ്മുടെ റോഡുകളുടെ ചുറ്റുപാടുകൾ മനസ്സിലാക്കി അങ്ങ് ഒന്നുകൂടി ചിന്തിക്കണം. ഏത് ഗവൺമെന്റും മാറിമാറി വരും. ഒരു ഉദ്യോഗസ്ഥൻ പറഞ്ഞത് മുൻ ഗവൺമെന്റിന്റെ കാലത്ത് ധാരാളം എക്സംഷൻ കൊടുത്തതു കൊണ്ട് ഇത് മിസ്യൂസ് ചെയ്തുവെന്നാണ്. ഒരു ഗവൺമെന്റിന് അധികാരമുണ്ടെങ്കിൽ കൊടുക്കുകയില്ലേ? ഭരണഘടനാപരമായി സത്യപ്രതിജ്ഞ ചെയ്തുകൊണ്ട് അധികാരത്തിൽ വന്ന ഒരു ഗവൺമെന്റിന് എക്സംപ്ഷൻ കൊടുക്കുവാനുള്ള പ്രൊവിഷൻ ആക്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. എക്സംപ്ഷൻ കൊടുക്കുന്നതിനെന്താണ്. അതിനല്ലേ മന്ത്രിമാരും ജനകീയ മന്ത്രിസഭകളും അധികാരത്തിൽവരേണ്ടത്? അങ്ങ് മുനിസിപ്പൽ ആക്ടിലെ 410-ാം വകുപ്പ് എടുത്തുകളഞ്ഞ് ചട്ടങ്ങൾ ലഘൂകരിച്ചു. പക്ഷേ ആ ചട്ടങ്ങൾ പലതും അങ്ങ് അറിയാതെയോ അറിഞ്ഞോ ദുർമോഹമായിട്ടുണ്ട്. ഞാൻ കഴിഞ്ഞ ദിവസം ശ്രദ്ധക്ഷണിക്കലിലൂടെ ചില കാര്യങ്ങൾ സൂചിപ്പിച്ചു. ഒരു കിണർ കുഴിക്കണമെങ്കിൽ അതിന് പ്ലാനും എസ്റ്റിമേറ്റും കൊടുക്കണം. നായ്ക്കൂട് അല്ലെങ്കിൽ കോഴിക്കൂട് ഉണ്ടാക്കണമെങ്കിൽ ഇന്ന് പ്രശ്നങ്ങളുണ്ട്. ഇതൊക്കെ ഈ പുതിയ റൂളുകളുണ്ടാക്കിയതിന്റെ ഫലമാണ്. റൂൾ 36 കെട്ടിടത്തിന്റെ നിലയുടെ ഉയരം കണക്കാക്കുന്നതാണ്. അത് എന്തിനാണ്? ഒരു റൂമിന് നാലും അഞ്ചും മീറ്റർ ഉയരം എന്തിനാണ്? അതുകൊണ്ട് അശാസ്ത്രീയമായ രീതിയിൽ ചട്ടങ്ങളുണ്ടാക്കിയത് പിൻവലിക്കണമെന്ന് ഞാൻ ആഭ്യർത്ഥിക്കുന്നു. അങ്ങയുടെ വീടിനോട് ചേർന്ന് ഒരു റൂം വയ്ക്കണമെങ്കിൽ അങ്ങയുടെ അയൽവാസിയുടെ പെർമിഷൻ വാങ്ങണം. പ്രത്യേകിച്ച് കെട്ടിടം വയ്ക്കുമ്പോൾ ഒരു അയൽവാസിക്കും പരസ്പരം ഇഷ്ടപ്പെടുകയില്ല. ഒന്നര മീറ്റർ സൈറ്റ് ബാക്കുള്ള സ്ഥലങ്ങളിൽ കെട്ടിടം വയ്ക്കണമെങ്കിൽ അയൽവാസിയുടെ പെർമിഷൻ വേണം. നല്ല ലോഹ്യത്തിൽ, സ്നേഹത്തിൽ കഴിയുന്ന അയൽവാസികളെ എന്തിനാണ് ബുദ്ധിമുട്ടിക്കുന്നത്? അയൽവാസിയുടെ എൻ.ഒ.സി. എന്തിനാണ് വാങ്ങിക്കുന്നത്? അത് വേണ്ട, കുഴപ്പങ്ങളും പ്രശ്നങ്ങളും ഉണ്ടാക്കും. ഈ ആക്ട് കൂടുതൽ നിഷ്പക്ഷവും നീതിപൂർവ്വകവുമായി നടപ്പിലാക്കിയാൽ കുഴപ്പമില്ല. രാഷ്ട്രീയപ്രേരിതമായി വാർഡ് വിഭജനത്തിന് ഉദ്യോഗസ്ഥൻമാരെ നിയമിച്ചതിന്റെ പേരിൽ അവിശ്വാസം വരുമ്പോൾ ഹാജരാകാതിരിക്കുകയും ചെയ്യാം. റഗുലറൈസേഷന്റെ പേരിൽ അഴിമതിക്ക് ഇടയാക്കുന്ന സാഹചര്യങ്ങളും തീരുമാനങ്ങളും ഉണ്ടാകുന്നു. ഇത്തരം കാര്യങ്ങളിൽ മുഖംനോക്കാതെ നടപടികൾ എടുത്തുകൊണ്ട് നീതിപൂർവ്വകവും നിക്ഷപക്ഷവുമായി നിയമം നടപ്പിലാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മറ്റ് നിയമങ്ങൾക്ക് കടകവിരുദ്ധമായതുകൊണ്ട് ഇത് നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഈ നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ ശ്രീ. ഇസ്ഹാക് കുരിക്കൾ പറഞ്ഞുനിർത്തിയിടത്തുനിന്നും ഞാൻ ഒരു അനുബന്ധം കൂട്ടിച്ചേർക്കുന്നു. എക്സംപ്ഷൻ കൊടുക്കുന്നതിനുവേണ്ടി പ്രധാനമായിട്ട് മൂന്ന് സെക്ടറാണ് ഉള്ളത്. കൊമേഴ്സ്യൽ സെക്ടർ, റസിഡൻഷ്യൽ സെക്ടർ, ഇൻഡസ്ട്രിയൽ സെക്ടർ. ഒരു സെക്ടറിൽ നിന്നും മറ്റൊരു സെക്ടറിലേയ്ക്ക് ചേഞ്ച് വന്നാൽ, അതായത്, കൊമേഴ്സ്യൽ സെക്ടറിൽനിന്ന് റസിഡൻഷ്യൽ സെക്ടറിലേയ്ക്കോ തിരിച്ചോ ചേഞ്ച് വന്നാൽ എക്സംഷൻ കൊടുക്കുന്നതിനുള്ള അധികാരം ഈ ബിൽ പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കി വച്ചി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുകയാണ്. എക്സംപ്ഷൻ കൊടുക്കുന്നതിനുള്ള കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. ഇസ്ഹാക് കുരിക്കൾ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. എക്സംപ്ഷന്റെ പിന്നിൽ താല്പര്യങ്ങളും താല്പര്യത്തിന്റെ ചരടുമുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. അനധികൃത കെട്ടിടങ്ങൾ ജനകീയാസൂത്രണം വഴിയുള്ള തുക ഉപയോഗിച്ചാണ് ചെയ്തുതീർക്കുന്നതെങ്കിൽ ആ അനധികൃത കെട്ടിടങ്ങൾ എക്സംപ്റ്റ് ചെയ്യാനുള്ള അധികാരം മേയർക്ക് കൊടുത്തിരിക്കുകയാണ്. അങ്ങനെയുള്ള അനധികൃത കെട്ടിടങ്ങൾക്ക് അംഗീകാരം കൊടുക്കുന്നത് സംബന്ധിച്ച് വെള്ളപ്പേപ്പറിൽ എഴുതിക്കൊടുത്ത നിരവധി സംഭവങ്ങൾ കേരളത്തിൽ ഉണ്ടെന്നാണ് പറയുന്നത്. അത് പരിശോധിക്കണം. ഈ നിയമത്തിനകത്ത് വന്നിട്ടുള്ള അപാകതകളെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്. അപാകതകൾ ഉള്ളതുകൊണ്ടാണ് ഇത് നിരാകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. ഈ നിയമം വളരെ അപര്യാപ്തമാണ്. ഇതിനേക്കാൾ വിപുലമായ തെറ്റുകൾ നമ്മുടെ സമൂഹത്തിൽ കഴിഞ്ഞ രണ്ട് മൂന്ന് കൊല്ലങ്ങളായി നടന്നുകൊണ്ടിരിക്കുകയാണ്. അതിനെ തടയുന്നതിന് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന് കഴിയുകയില്ല. ഈ നിയമം ചൂഷണം ചെയ്ത് സാമ്പത്തിക ക്രമക്കേട് ഉണ്ടാക്കുന്ന, ധനാപഹരണം നടത്തുന്ന ആളുകളുടെ അനധികൃത നീക്കം മാതൃകാപരമായി തടയുന്നതിനുവേണ്ടിയുള്ള നടപടി ഇതിനകത്ത് ഇല്ലായെന്നുള്ളതാണ് പ്രധാനമായ പോരായ്മ. ജനകീയാസൂത്രണ പദ്ധതി പ്രകാരം 3235.4 കോടി രൂപയാണ് 1996-97, 1997-98, 1998-99 വർഷങ്ങളിൽ ഈ സംസ്ഥാനത്ത് ചെലവഴിച്ചിട്ടുള്ളത്. ഈ തുക സംബന്ധിച്ച് ആഡിറ്റ് നടത്തുന്നതിന് നാല് ഏജൻസികളെ ചുമതലപ്പെടുത്തുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞിട്ടുള്ളത്. അതിലൊരു ഏജൻസി ധനകാര്യമന്ത്രിയുടെ ചുമതലയിൽപ്പെട്ടതേയല്ല. പക്ഷേ രണ്ട് ഏജൻസികളിലെ ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കുന്നത് നമ്മുടെ ധനകാര്യവകുപ്പ്മന്ത്രി തന്നെയാണ്. സാമ്പത്തിക വർഷം മാർച്ച് 31-ാം തീയതി അവസാനിക്കുമ്പോൾ, ജൂൺ മാസം 30-ാം തീയതി വരെ സാമ്പത്തിക വർഷത്തിന്റെ കാലാവധി നീട്ടിക്കൊടുത്ത് അനധികൃതമായി നടത്തിയ ചെലവുകൾ അധികൃതമാക്കുന്നതിനുവേണ്ടിയുള്ള ഒരു തെറ്റായ നീക്കമാണിത്. ആ നീക്കത്തിനെതിരെ നിയമസഭയിൽ ശക്തമായി ശബ്ദിച്ചപ്പോൾ ഇതു സംബന്ധിച്ച് മൂന്ന് വിധത്തിലുള്ള അന്വേഷണം നടത്തുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പമുന്ത്രി പറയുകയുണ്ടായി. ഏതൊക്കെയാണ് ആ മൂന്ന് ഏജൻസികൾ? ഫിനാൻസ് വകുപ്പുന്ത്രിയുടെ കീഴിലുള്ള പ്രമുഖമായ രണ്ട് ഏജൻസികൾ- ഒന്ന്, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ്, മറ്റൊന്നു ലോക്കൽ ഫണ്ട് ആഡിറ്റ്. പിന്നെ അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ. എ.ജി.യുടെ അന്വേഷണം ഒഴികെ മറ്റ് റിപ്പോർട്ട് കൊടുക്കേണ്ട രണ്ട് ഏജൻസികൾ ധനകാര്യ വകുപ്പുമന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥൻമാരാണ്. 1996-97ലും 1997-98 ലും നടത്തിയ അന്വേഷണത്തിൽ കൺസോളിഡേറ്റഡ് റിപ്പോർട്ട് ലഭിച്ചതായി 15-12-99 ൽ നിയമസഭയിൽ ധനകാര്യവകുപ്പുമന്ത്രി നൽകിയ ഉത്തരം എന്റെ കയ്യിലുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റിലെ റിപ്പോർട്ട് സബ്മിറ്റ് ചെയ്യുന്നതിനെ സംബന്ധിച്ച നിയമവും എന്റെ കയ്യിലുണ്ട്. 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിലെ സെക്ഷൻ 23-ൽ പറയുന്നത്, laying of Audit Report നിയമസഭയുടെ മേശപ്പുറത്ത് ആഡിറ്റ് റിപ്പോർട്ട് വയ്ക്കാൻ ഗവൺമെന്റിനെ നിർബന്ധിക്കുന്ന ഒന്നാണ് സെക്ഷൻ 23. അതിൽ പറയുന്നത്. "The Governmennt

LIBRARY ARCHIVES Kerala Legislative Assembly

shall, within a period of 3 months after receipt of the same, lay before the Assembly.....''

ആ നിയമത്തിൽ വളരെ പ്രസക്തമായി പറഞ്ഞിരിക്കുകയാണ്. ഇങ്ങനെ ആഡിറ്റ് കഴിഞ്ഞ് റിപ്പോർട്ട് കിട്ടിയാൽ മൂന്ന് മാസത്തിനകം നിയമസഭയിൽ വയ്ക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. നിങ്ങൾ എന്തുകൊണ്ടാണ് നിയമസഭയിൽ വയ്ക്കാതെ മാറ്റിവച്ചത് ? നിങ്ങൾ എന്തുകൊണ്ടാണ് ഇത് ടേബിൾ ചെയ്യാതിരുന്നത്? രണ്ട് അന്വേഷണത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് നിങ്ങളുടെ കയ്യിലുണ്ട്. അത് ഫയലുകളിൽ ഉറങ്ങുന്നുവെന്ന് 1999 ഡിസംബർ 15-ാം തീയതി തന്ന മറുപടിയിൽ ഉണ്ടല്ലോ. നിങ്ങൾ എന്തുകൊണ്ട് ഇത് നിയമസഭയിൽ വയ്ക്കാതെ ഒളിപ്പിച്ചുവച്ചു? കേരളത്തിൽ പുതിയ നിയമം ഉണ്ടാകുന്നതും പോകുന്നതും ഈ നിയമസഭയിലെ സാമാജികരും ഈ പരിശുദ്ധമായ വേദിയും അറിയുന്നില്ല. ഇതിനെ ബൈപ്പാസ് ചെയ്തുകൊണ്ടു പോകുന്ന ഒരു പരിശ്രമം ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. മടിയിൽ പൊതിയില്ലാത്തവൻ വഴിയിൽ പേടിക്കേണ്ട കാര്യമുണ്ടോ? നിങ്ങൾ എന്തുകൊണ്ടാണ് നിയമസഭയെ ഭയപ്പെടുത്തുന്നത്? റിപ്പോർട്ട് ഈ നിയമസഭയിൽ വയ്ക്കാൻ നിങ്ങൾക്ക് കഴിയുകയില്ല. കാരണം ആ റിപ്പോർട്ട് ഈ നിയമസഭയിൽ വച്ചാൽ കോടിക്കണക്കിന് രൂപയുടെ മോഷണം നടത്തിയതിന്റെ കഥകൾ പുറത്തുവരും. അത് നേരിടാൻ കഴിയാത്തതുകൊണ്ടാണ് നിങ്ങൾ ഈ നിയമംപോലും പാലിക്കാതെ ഓടിയൊളിക്കാൻ ശ്രമിക്കുന്നത്. ഇത് ഒരു ഗവൺമെന്റിന് ഭൂഷണമാണോ? ഒരിക്കലും ഒരു ഗവൺമെന്റ് ഇത് ചെയ്യാൻ പാടില്ല. നിങ്ങൾതന്നെ നിയമം ഉണ്ടാക്കുന്നു. നിങ്ങൾ തന്നെ നിയമം ലംഘിക്കുന്നു. നിയമപാലകർ തന്നെ നിയമലംഘകരായി മാറുന്നു. നിയമസഭയിൽ വയ്ക്കേണ്ട ഡോക്കുമെന്റ് നിയമസഭയിൽ വയ്ക്കുന്നില്ല. അത് നിങ്ങളുടെ കയ്യിലുണ്ടെന്നു നിങ്ങൾ സമ്മതിക്കുന്നു. ആ റിപ്പോർട്ടുകൾ ഫയലുകളിൽ ഉറങ്ങുമ്പോൾ നിങ്ങൾ അതൊന്നും നിയമസഭയിൽ വയ്ക്കാതെ പർപ്പസ്ഫുൾ ആയിട്ട് നിയമസഭയെ ഇവേഡ് ചെയ്തുകൊണ്ടു പോകാൻ ശ്രമിക്കുന്നത് അഴിമതി നടന്നുവെന്നുള്ളതിന്റെ പരസ്യമായ കുറ്റസമ്മതമാണ്. ആ പരസ്യമായ സത്യമുള്ളതുകൊണ്ട് ഇതിനെ എതിർക്കാതിരിക്കാൻ കഴിയുമോ? 15.5.1999-ൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അയച്ച ഒരു സർക്കുലർ എന്റെ കയ്യിലുണ്ട്. ആ സർക്കുലർ ഗവൺമെന്റിന്റെ കയ്യിലുണ്ടാകും. ഇല്ലെങ്കിൽ ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കാൻ ഒരുക്കമാണ്. ഇവിടെ നടന്ന കോടികളുടെ കൊള്ളയെപ്പറ്റി അതിലെ ആദ്യത്തെ വാചകം വായിച്ചാൽ അറിയാം. വലിയ കൊള്ളയാണ് നടന്നിരിക്കുന്നത്. ആ ഡയറക്ടറെക്കുറിച്ചുപോലും ആളുകൾക്ക് ആക്ഷേപമുണ്ട്. അദ്ദേഹത്തിന്റെ രാഷ്ട്രീയമായ ബന്ധത്തെക്കുറിച്ചുപോലും ആളുകൾക്ക് ആക്ഷേപമുണ്ട്. പക്ഷേ, റിട്ടയർ ചെയ്ത ഒരു ഉദ്യോഗസ്ഥനെ ഈ നിയമസഭയിൽ വലിച്ചിഴയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അത് എന്റെ മാന്യതയ്ക്കു ചേരാത്തതുകൊണ്ട് അദ്ദേഹത്തെ ഞാൻ എന്റെ സ്വന്തം ജാമ്യത്തിൽ വിടുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പക്ഷേ അദ്ദേഹം അന്ന് അയച്ച ആ സർക്കുലർ കണ്ടില്ലായെന്നു നടിക്കാൻ പറ്റുമോ? സർക്കുലർ നമ്പർ എൽ.എഫ്,10447/സ്പെഷ്യൽ/സെൽ, C/CAR2/99 dated, 15-5-1999 ആണ്. ഫയൽനമ്പർ 3/99 Local Fund Audit Department –Cases

[1 P.M.]

LIBRARY ARCHIVES Kerala Legislative Assembly

of Misappropriation, Defalcation and so on, and irregularities in reporting of in instructions issued.

Reference: Rule 12 of the Kerala Local Fund Audit Rules, 1996.

അതിലെ ആദ്യത്തെ വാചകം അങ്ങ് കേൾക്കണം. അങ്ങ് എന്നും അഴിമതിക്ക് എതിരായി നിലകൊള്ളുന്ന ആളാണ്. കേരളത്തിലെ 3 കോടി ജനങ്ങളെ കബളിപ്പിച്ചുകൊണ്ടാണ് 3300 കോടിയോളം രൂപ കട്ടെടുത്തുകൊണ്ടു പോയത്. അതിനെക്കുറിച്ചാണ് ഡയറക്ടർ പറഞ്ഞിരിക്കുന്നത്. "Reports are being received from various offices relating to them, Cases of misappropriation, defalcation of public money and irregularities in accounting as well as the implementation of the Schemes."

ഇതിൽ കൂടുതൽ ഈ ഗവൺമെന്റിന് എതിരായി ഒരു കുറ്റപത്രം നൽകേണ്ട കാര്യമുണ്ടോ? ആരാണ് ഇത് പറഞ്ഞത്? പ്രതിപക്ഷത്തുള്ളവരാണോ? അല്ലല്ലോ. ജനകീയാസൂത്രണം നടപ്പാക്കുന്നതിനു വേണ്ടി ഇതിന്റെ ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ തകരാറുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ നടപടിയെടുക്കണമെന്ന് പരസ്യമായി ധനകാര്യവകുപ്പുമന്ത്രി ഇവിടെ പറഞ്ഞതിനുശേഷം പിന്നീട് 4 ആഡിറ്റുകളിൽ, ഒരു പ്രധാനപ്പെട്ട ആഡിറ്റ് വിഭാഗത്തിന്റെ തലവൻ പരസ്യമായി ഇറക്കിയ സർക്കുലറിൽ; ഈ സ്കീമിനകത്ത് അമിതമായി മിസ് അപ്രോപ്രിയേഷൻ നടന്നിരിക്കുന്നു ധനാപഹരണം നടന്നിരിക്കുന്നുയെന്ന് പരസ്യമായി പറഞ്ഞിരിക്കുകയാണ്. ഇവിടെ വ്യാപകമായി ധനാപഹരണം നടന്നിട്ടുള്ളതായിട്ടാണ് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സർക്കുലർ. ഈ സർക്കുലർ ഞാൻ ഇവിടെ വായിച്ചതുകൊണ്ട് വീണ്ടും ആവർത്തിക്കുന്നില്ല. ഇവിടെ നിർദ്ദിഷ്ട തീയതിക്കുള്ളിൽ കണക്കുകൾ സമർപ്പിക്കാത്ത ചീഫ് എക്സിക്യൂട്ടീവിന് എതിരെ നടപടി സ്വീകരിക്കുകയെന്നതല്ലേ വ്യവസ്ഥ? ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതിന്റെ സ്പിരിറ്റ് എന്താണ്? അതനുസരിച്ചാണെങ്കിൽ നിർദ്ദിഷ്ട കാലയളവിനുള്ളിൽ ഇവിടെ കണക്കുകൾ സമർപ്പിക്കാത്തവർക്കെതിരെ നടപടി എടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുക്കേണ്ടേ? 21.4.1998-ൽ ഞാൻ അടക്കം ശ്രീ. എം. മുരളി, ശ്രീ. പി. ബാലറാം, ശ്രീ. മുഹമ്മദാലി എന്നിവർ ധനകാര്യവകുപ്പുമന്ത്രിയോടും. ഒരു ചോദ്യം ചോദിച്ചു. നിർദ്ദിഷ്ട തീയതിക്കുള്ളിൽ കണക്ക് സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ മേൽപ്പറഞ്ഞ നിയമവും ചട്ടവും പ്രകാരം നിയമനടപടി സ്വീകരിക്കണ്ട എന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർ തന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർക്ക് 21.5.97 എഫ്.നം.8458/എസ്. എസ്.3/97 എന്ന് 2/97-ാം നമ്പർ സർക്കുലർ നൽകിയിട്ടുണ്ടോ എന്ന് എങ്ങനെയാണ് സർക്കുലർ നൽകിയിട്ടില്ലായെന്ന് പറയുന്നത്? സർക്കുലർ നമ്പർ കൂടി കാട്ട് ചെയ്തല്ലേ ഞങ്ങൾ ചോദ്യം ചോദിക്കുന്നത്? അദ്ദേഹം പറഞ്ഞു 'ഉണ്ട്'. എന്തിനുവേണ്ടിയാണ് സർക്കുലർ നൽകിയത്? നിർദ്ദിഷ്ട തീയതിക്കുള്ളിൽ കണക്ക് സമർപ്പിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ മേൽപറഞ്ഞ നിയമങ്ങളും ചട്ടങ്ങളും..... ഏതാണ് മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും? തദ്ദേശഭരണ സ്ഥാപനങ്ങൾ കണക്കുകൾ 4 മാസത്തിനുള്ളിൽ പ്രസന്റ് ചെയ്യണം എന്നുള്ളതാണ് നിയമം. 1994-ലെ കേരളാ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിലെ 9-ാം വകുപ്പിൽ പറയുന്നതെന്താണ്? "Liability of Local Authority to prepare and present the accounts for audit."

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പിനകത്ത് ലയബിലിറ്റിയെക്കുറിച്ച് പറയുകയാണ്. അതിനകത്ത് പറയുന്നു. "It should be presented for audit within four months of the close of that financial year.

അതിന്റെ മറ്റ് ഭാഗങ്ങളിലേക്ക് ഞാൻ പോകുന്നില്ല. 1997 മാർച്ചു മാസം അവസാനിക്കുന്ന ഫിനാഷ്യൽ ഇയറിന്റെ 4 മാസം കഴിഞ്ഞാൽ അതായത് 1997 ജൂലൈ മാസത്തിനു മുമ്പ് ആ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനു വേണ്ടി ഹാജരാക്കണം എന്നുള്ളതാണ് നിബന്ധന. ഇവിടെ രണ്ടായിരാമാണ്ടു എത്തിയില്ലേ? രണ്ടായിരാമാണ്ടു എത്തിയിട്ടുപോലും ഇതിന്റെ കണക്കുകളെ സംബന്ധിച്ച് ഇപ്പോഴും ഒരു നിജവും, നിശ്ചയവുമില്ലാതെ ഇത് തള്ളിത്തള്ളി മുന്നോട്ടു പോവുകയാണ്. 3300 കോടി രൂപ, അത് പരിശോധിക്കുന്നതിനു വേണ്ടി നിങ്ങൾ അത് കൊടുക്കുകയേ വേണ്ട എന്നാണ് സർക്കുലർ ഇറക്കിയിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നു. ഏത് നിയമം ഉപയോഗിച്ചാണ് ഈ സർക്കുലർ? ഒരു ഉദ്യോഗസ്ഥന് അങ്ങനെ ഒരു സർക്കുലർ ഇറക്കാൻ കഴിയുമോ? കേരളത്തിലെ 3300 കോടി രൂപ ചെലവഴിച്ച ഒരു പദ്ധതിയുടെ കണക്കുകൾ 4 മാസത്തിനുള്ളിൽ ആഡിറ്റിന് വിധേയമാക്കണമെന്ന് പറഞ്ഞ നിബന്ധന തള്ളിക്കളഞ്ഞത് എന്ത് അടിസ്ഥാനത്തിലാണ്? അടിസ്ഥാനപരമായി അവർക്ക് സപ്പോർട്ട് ചെയ്തു കൊടുക്കുന്നത് എന്തിന്റെ പേരിലാണ് എന്ന് വിശദീകരിക്കണ്ടേ? നിർദ്ദിഷ്ട തീയതിക്കുള്ളിൽ കണക്കുകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്ക്, ചീഫ് എക്സിക്യൂട്ടീവിന് എതിരെ നടപടി സ്വീകരിക്കണ്ട എന്ന് ഈ ഡയറക്ടർ സർക്കുലറിൽ പറയുന്നു. അങ്ങനെ കണക്കുകൾ കൊടുക്കേണ്ട എന്നാണ് എക്സിക്യൂട്ടീവ് പറയുന്നത്. വേലി തന്നെ വിളവ് തിന്നാലോ? അധികാരത്തിൽ ഇരിക്കുന്നവർ തന്നെ അധികാരം തകർത്താലോ? അവർ തന്നെ മിസ്അപ്രോപ്രിയേഷന് കൂട്ടു നിന്നാലോ? അവർ തന്നെ ധനാപഹരണത്തിനു പിന്നാലെ നീങ്ങിയാലോ? 1.3.2000 -ൽ അസംബ്ലിയിൽ ഇത് സംബന്ധിച്ച് അതിരു കവിഞ്ഞ കോലാഹലമായി. നിയമസഭയിൽ ഞങ്ങൾ ചോദ്യങ്ങൾ ചോദിച്ചു. ചോദ്യത്തിന് ഉത്തരമില്ലാതെ വന്നു. ചോദ്യത്തിനു ഉത്തരമില്ലാതെ വന്നപ്പോൾ പ്രതിപക്ഷ ബഞ്ചുകളിൽ നിന്ന് അതിശക്തമായ രൂപത്തിലുള്ള മുന്നേറ്റം വന്നപ്പോൾ 1.3.2000 ൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ചോദ്യത്തിനുത്തരമായി നിങ്ങൾ പറഞ്ഞതെന്താണ്? നിങ്ങൾ ഈ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചു. ശ്രീ. ഉമ്മൻചാണ്ടിയുടെ ചോദ്യത്തിന് ഉത്തരമായി ഇങ്ങനെ ഒരു സർക്കുലർ അയച്ചിട്ടേയില്ല എന്നു പറഞ്ഞു നിങ്ങൾ കൈകഴുകി. ഇത് പറയാതിരിക്കാൻ നിവൃത്തിയില്ല. കേരള നിയമസഭയിൽ ഒരു മന്ത്രി അദ്ദേഹത്തിന്റെ വകുപ്പിനെ സംബന്ധിച്ചു രണ്ടു അഭിപ്രായം പറഞ്ഞു ഒന്ന്, കള്ളൻമാർക്ക് കൂട്ടുനിന്ന ഡയറക്ടറുടെ പ്രവർത്തനത്തെക്കുറിച്ച്. ഇങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. പിന്നീട് അതിനെക്കുറിച്ചു ശക്തമായ വിമർശനം വന്നപ്പോൾ അങ്ങനെ ഒരു സർക്കുലർ ഇല്ല യെന്ന് പറഞ്ഞു. നിയമസഭാസമിതിയെ വച്ച് നിങ്ങൾക്ക് ഇക്കാര്യം അന്വേഷിപ്പിക്കാമോ? നിയമസഭയിൽ ഇങ്ങനെ പറയുന്നത് ശരിയാണോ? ലോക്കൽ ഫണ്ട് ആഡിറ്റ് സെക്ഷൻ 9 പ്രകാരം Presentation for audit within four months of the close of the financial year എന്നുള്ളത് നിങ്ങൾ ലംഘിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫിനാഷ്യൻ ഇൻസ്പെക്ഷനെക്കുറിച്ച് പറഞ്ഞല്ലോ. ആ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണം ഉൾക്കൊള്ളുന്ന, തിരുവനന്തപുരം കോർപ്പറേഷനിൽ നടത്തിയ അന്വേഷണത്തിൽ..... എല്ലാ വശത്തോട്ടും ഞാൻ പോകുന്നില്ല. ഒരു ദിവസംകൊണ്ടു അഞ്ചരക്കോടി രൂപയുടെ ചെക്ക് എഴുതിത്തീർക്കണമെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ, ആ ആളിന്റെ കയ്യ് ഒടിഞ്ഞിട്ടുണ്ടാകും. എന്തൊരു എഴുത്താണ്? നിങ്ങളാണല്ലോ മൂന്നുമാസം നീട്ടിക്കൊടുത്തത്. മൂന്ന് മാസം നീട്ടിക്കൊടുത്ത് ജൂൺ മാസം 30-ാം തീയതി കാലാവധി പൂർത്തിയാകുമെന്നു കണ്ടുകഴിഞ്ഞപ്പോൾ, അത് കഴിഞ്ഞു കാൽ കാശ് എടുക്കാൻ കഴിയുകയില്ലായെന്നു ബോദ്ധ്യപ്പെട്ടപ്പോൾ ജൂൺ മാസം 29-ാം തീയതി അഞ്ചരകോടി രൂപയ്ക്കുള്ള നാല് ചെക്ക് നിങ്ങൾ ഒരു ദിവസംകൊണ്ടു എഴുതിത്തള്ളി. ചെക്ക് നമ്പർ എന്റെ കൈവശമുണ്ട്. അങ്ങ് ആവശ്യപ്പെട്ടാൽ ഞാൻ അത് മേശപ്പുറത്തു വയ്ക്കാം. ഗവൺമെന്റിന്റെ ഫയലിൽ അത് ഉണ്ട്. 5,56,45000 രൂപയുടെ ചെക്ക് നിങ്ങൾ എഴുതിവച്ചു. അതോടൊപ്പം ഏകദേശം അതിന്റെ 10 ശതമാനം വരുന്ന തുകയും എഴുതിവച്ചു.

ടെസ്റ്റ് നടത്തിയാണ് അവിടെ നോമിനേഷൻ നടന്നത്. 5,56,45,000 രൂപ ഒരു ദിവസംകൊണ്ടു അടിച്ചുകൊണ്ടു പോകുന്നത് ശരിയാണോ? ഇതിന്റെ ഏകദേശം 10 ശതമാനം വരത്തക്കവിധത്തിലുള്ള ഏതാണ്ട് 10.75 ലക്ഷം രൂപയ്ക്കുള്ള ചെക്ക് എഴുതിവച്ചു. അത് സെക്രട്ടറിയുടെ മേശയുടെ വലിപ്പിനകത്ത് ഉണ്ട് എന്നാണ് അവർ നടത്തിയ മിന്നൽ പരിശോധനയിൽ കാണുന്നത്. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ മിന്നൽ പരിശോധനയിൽ തിരുവനന്തപുരം സിറ്റി കോർപ്പറേഷനിൽ സെക്രട്ടറിയായിരിക്കുന്ന ഒരു വ്യക്തിയുടെ മേശയുടെ വലിപ്പിനകത്തു നിന്നും ഒരു ദിവസംകൊണ്ടു എഴുതിയ ചെക്കിന്റെ ഏകദേശം 10% തുക കണ്ടെടുത്തു. അന്വേഷണം വേണ്ടേ? അതിനെക്കുറിച്ച് എന്തെങ്കിലും നടപടി വേണ്ടേ? എന്തെങ്കിലും ഒരു നടപടി എടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണ്ടേ? ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണത്തിന്റെ അവസാനത്തെ ഭാഗം മാത്രം ഞാൻ വായിക്കാം. The explanation of the Secretary, Thiruvananthapuram city Corporation regarding the retention of the written cheque was that the cheques were prepared on 30.6.1998 on the basis of the bills submitted by the parties concerned. The above incident revealed that the majority cheques were prepared on 29.6.98 and 30.6.98 only on the basis of the bogus bills and proforma invoices. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ കണ്ടുപിടിത്തമാണ്. അഞ്ചരക്കോടി രൂപയുടെ ചെക്കുകൾ, ബോഗസ് ബില്ലിന്റെ അടിസ്ഥാനത്തിൽ പ്രിപ്പയർ ചെയ്തതാണെന്ന് പറയുന്നത് ഫ്രാഡ് അല്ലേ? കൊള്ളയല്ലേ? ആഡിറ്റ് ഇൻസ്പെക്ഷൻ വിംഗിന്റെ മന്ത്രി ഞങ്ങളല്ലല്ലോ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ അല്ലേ? ഇടതുപക്ഷ ജനാധിപത്യമുന്നണിയല്ലേ ഭരിക്കുന്നത്? നിങ്ങളുടെ ഭരണത്തിന്റെ മൂക്കിന്റെ താഴെയല്ലേ ഈ ഓഫീസ് സ്ഥിതി ചെയ്യുന്നത്? മന്ത്രിമാർ ഒന്ന് കൂക്കി വിളിച്ചാൽ ആ ഓഫീസിൽ കേൾക്കുമല്ലോ. ആ ഓഫീസിൽ ഈ ബില്ലുകൾ എഴുതിയത് ബോഗസ് ബില്ലിന്റെ അടിസ്ഥാനത്തിലാണെന്ന് ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് എഴുതിയിരിക്കുകയാണ്. The Secretary prepared the cheques only for clearing the plan fund and for throwing the financial achievement without obtaining the physical achievement.

ഫിനാഷ്യൻ അച്ചീവ്മെന്റ് ഉണ്ടാക്കുന്നതിനുവേണ്ടി മന:പൂർവ്വമായി ഒരു ദിവസംകൊണ്ടു ചെയ്തുതീർത്ത് എന്നാണ് ആഡിറ്റ് ഇൻസ്പെക്ഷൻ വിംഗ് എഴുതിയിരിക്കുന്ന റിപ്പോർട്ട്. The Secretary has incurred the expenditure on the anticipation of the expenditure after 30.06.1998 and it is a gross violation of the direction contained in the Government Order No. P 1603/98/Fin. dated, 16-

LIBRARY ARCHIVES Kerala Legislative Assembly

06-1998 അതിനകത്ത് അവരുടെ ഒബ്സർവേഷൻ ഉണ്ട്. ആ ഒബ്സർവേഷൻ കൂടി കേൾക്കണം. അവസാനത്തെ അവരുടെ ഒബ്സർവേഷൻ Suitable action may be taken against the Secretary എന്നാണ്. ഈ സെക്രട്ടറിക്ക് എതിരായി സ്യൂട്ടബിൾ ആക്ഷൻ എടുക്കണമെന്ന് പറഞ്ഞിട്ട് വർഷം രണ്ടായി. ഈ സെക്രട്ടറി അവിടെ ഇപ്പോഴും തുടരുകയാണ്. ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടെന്നും അഞ്ചരക്കോടി രൂപ അടിച്ചുകൊണ്ടു പോയി എന്നും ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് പരസ്യമായി ആക്ഷേപം ഉന്നയിച്ച് വകുപ്പുമന്ത്രിക്ക് റിപ്പോർട്ട് കൊടുത്തിട്ട് രണ്ടരക്കൊല്ലമായി. റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ നിയമസഭയിൽ വയ്ക്കണമെന്നുള്ള വ്യവസ്ഥപോലും ലംഘിച്ചുകൊണ്ടു ആ ഫയൽ ഉറങ്ങാൻ അനുവദിക്കുന്നത് ആരെ രക്ഷിക്കുന്നതിനു വേണ്ടിയാണ്? ഇത് അന്യായമാണ്, ക്രമക്കേടാണ്, കൊള്ളയാണ്. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് പറഞ്ഞപ്രകാരമുള്ള നടപടി നിങ്ങൾ എടുക്കണ്ടേ? Action should be initiated against the Secretary എന്നുപറഞ്ഞിട്ട് നിങ്ങൾ എന്തുകൊണ്ടാണ് ആ സെക്രട്ടറിക്കെതിരായി നടപടി എടുക്കാത്തത്? നിങ്ങൾ ആ സെക്രട്ടറിക്കെതിരായി നടപടി എടുത്തില്ല. 63.76 ലക്ഷം രൂപയുടെ ചെക്ക് എഴുതി പാർട്ടിക്ക് നൽകാതെ കൈവശം വച്ചുകൊണ്ടിരുന്നതിനെ സംബന്ധിച്ചും ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് പരസ്യമായി പറഞ്ഞിട്ടുണ്ട്. ഈ സെക്രട്ടറിയുടെ എക്സ്പ്ലനേഷൻ നിലനിൽക്കുന്നതല്ല എന്നു ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് പറഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു ഉത്തരവിനെക്കുറിച്ച് നിയമസഭയിൽ പറഞ്ഞു. ഞാൻ ആ ഉത്തരവ് വായിക്കാം. ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഇത് നിയമസഭയിൽ വരണ്ടേ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ള ഒരു സർക്കുലർ ഉണ്ട്. ആ സർക്കുലറിൽ ഡി.സി.ബി. കരാർ അടിസ്ഥാനത്തിൽ തീർപ്പ്കൽപ്പിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിനെ സംബന്ധിച്ചാണ് പറഞ്ഞിരിക്കുന്നത്. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരേയോ സർവ്വീസിൽ തുടരുന്ന ഉദ്യോഗസ്ഥരേയോ വച്ച് ആഡിറ്റ് പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റ് ഇറക്കിയ ഒരു സർക്കുലർ. ആ സർക്കുലറിലെ അവസാനത്തെ വാചകം '30.9.99 വരെ ഈ കാലാവധി ദീർഘിപ്പിച്ചിരിക്കുന്നു' എന്നാണ്. ഈ നിയമസഭയിൽ വരേണ്ട പ്രസക്തമായ, ഈ ഗവൺമെന്റിന് മറുപടി പറയാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. 30.9.99 വരെ ഈ ആഡിറ്റിന്റെ കാലാവധി ദീർഘിപ്പിച്ചു കൊണ്ടു ഉത്തരവായി, ആ ഉത്തരവിലെ അവസാനത്തെ വാചകം എന്താണ്? മേൽ നിശ്ചയിച്ചിരിക്കുന്ന സമയപരിധി യാതൊരു കാരണവശാലും നീട്ടിക്കൊടുക്കുന്നതല്ല; അതിനുള്ളിൽ കൂടിശ്ശിക വരുത്തിയിട്ടുള്ള ഡി.സി.ബി കരാർ പൂർത്തിയാക്കാതെവന്നാൽ അതിനുള്ള വ്യക്തിപരമായ ഉത്തരവാദിത്വം അതതു സ്ഥലത്തെ സെക്രട്ടറിമാർക്കായിരിക്കും എന്നാണ് സർക്കുലർ. ആ സർക്കുലർ അയച്ചതിനു ശേഷം 9.11.99-ലെ വേറൊരു ഉത്തരവ് പ്രകാരം ഈ ഗവൺമെന്റ് വീണ്ടും 31.3.2000 വരെ നീട്ടിയിരിക്കുകയാണ്. രണ്ടായിരാമാണ്ടുവരെ നീട്ടിയതു മാത്രമല്ലല്ലോ. ലോക്കൽ ഫണ്ട് ആഡിറ്റ് ഈ പേപ്പർ ആവശ്യപ്പെട്ടു. അതിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റുകാർ ഇൻസ്പെക്ഷനു വേണ്ടി ബന്ധപ്പെട്ട സെക്രട്ടറിക്ക് നാലു പ്രാവശ്യം കത്തയച്ചു. 11.8.99, 22.9.99, 28.10.99 ..... ഇങ്ങനെ നാല് പ്രാവശ്യം അദ്ദേഹത്തിന് കത്തയച്ചു.

ഈ പേപ്പറുകളും രേഖകളും കൊടുക്കാതെ flimsy ആയി കാര്യങ്ങൾ പറഞ്ഞ് മാറുന്നതിനു വേണ്ടി ശ്രമിച്ചപ്പോൾ അവസാനം ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം ഈ സെക്ര

LIBRARY ARCHIVES Kerala Legislative Assembly

ട്ടറിക്ക് എതിരായി കോടതിയിൽ കേസ് കൊടുത്തു. കോടതിയിൽ കേസ് കൊടുത്തത് എന്തിനാണ്? ഈ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നാലുപ്രാവശ്യം തുടർച്ചയായി കത്തയച്ചിട്ടും ഷോക്കോസ് നോട്ടീസ് കൊടുത്തിട്ടും തൃപ്തികരമായി മറുപടി പറയാതെ ഒഴിഞ്ഞുമാറിയതിനും കോടാനുകോടി രൂപയുടെ തട്ടിപ്പിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി പൂഴ്ത്തിവച്ചു. രേഖകൾ വിട്ടുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കോടതിയിൽ കേസ് കൊടുത്തു. സെക്രട്ടറി എന്താണ് ചെയ്തത്? കോടതിയിൽ കേസ് കൊടുത്തു കഴിഞ്ഞപ്പോൾ ആ കേസിന്റെ അടിസ്ഥാനത്തിൽ രേഖകൾ കൊടുക്കുന്നതിനു പകരം അദ്ദേഹം ഹൈക്കോടതിയിൽ പോയി. സെക്രട്ടറി ക്രിമിനൽ പി.സി. അനുസരിച്ച് അവിടെ ഒരു കേസ് കൊടുത്തു എന്നിട്ട് താൽക്കാലിക സ്റ്റേയ്ക്കു വേണ്ടിയുള്ള അപേക്ഷ കൊടുക്കാൻ തയ്യാറായി. ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ ഗവൺമെന്റ് പറഞ്ഞ നിയമപരമായ നടപടികൾ സ്വീകരിക്കുമ്പോൾ ആ നിയമനടപടികളോട് യോജിച്ചു നിൽക്കാത്ത ഒരു കോർപ്പറേഷന്റെ സെക്രട്ടറി കോടതിയിൽനിന്ന് ഒരു ഉത്തരവ് വാങ്ങിക്കഴിഞ്ഞാൽ ഉദ്യോഗസ്ഥനെ പ്രൊട്ടക്ട് ചെയ്യാൻ ബാദ്ധ്യതപ്പെട്ട ഗവൺമെന്റ് ഈ ഹൈക്കോടതിയിൽ ഹാജരായില്ല, ഗവൺമെന്റ് വക്കീലിനെ വച്ചില്ല. എ.ജി. പോയില്ല, അഡ്വക്കേറ്റ് ജനറൽ പോയില്ല. പ്രത്യേകിച്ച് നിർദ്ദേശം കൊടുത്തില്ല. അവസാനം എക്സ് പാർട്ടി അവിടെ സ്റ്റേറ ഉത്തരവ് കൊടുക്കുകയാണ് ഉണ്ടായത്. എക്സ് പാർട്ടിയായി, മറുവശത്ത് ആളുകൾ ഹാജരാകാതെ ഇരുന്നതുകൊണ്ട്, വക്കീൽ ഹാജരാകാതെയിരുന്നതുകൊണ്ട് എക്സ് പാർട്ടിയായി വിധി വരികയാണ് ഉണ്ടായത്. ഈ കേസിനകത്ത് കള്ളനാരാണ്? കുഴപ്പക്കാരനാരാണ്? ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ ഡെപ്യൂട്ടി ഡയറക്ടർക്ക് ഷോക്കോസ് നോട്ടീസ് നൽകിക്കഴിഞ്ഞതിനുശേഷമാണ് ഈ കേസ് ഹൈക്കോടതിയിൽ അപ്പീലിന് പോയത്. ഗവൺമെന്റ് അപ്പിയർ ചെയ്തില്ല, ഗവൺമെന്റ് കോടതിയിൽ ഹാജരായില്ല, എനിക്ക് ഒരു ചോദ്യമുണ്ട്, നിങ്ങൾ സംശുദ്ധ ഗവൺമെന്റല്ലേ? നിങ്ങൾ അഴിമതി വിരുദ്ധ ഗവൺമെന്റല്ലേ? നിങ്ങൾ എന്തുകൊണ്ട് ഈ അഴിമതിക്കാരനായ സെക്രട്ടറിയെ രക്ഷിക്കുന്നതിന് ബോധപൂർവ്വം ഹൈക്കോടതിയിൽപ്പോലും ഈ കേസ് വാദിക്കാതെ അഴിമതിക്കാർക്ക് കൂട്ടുനിന്നു? അവസാനം ഈ കേസിന് സ്റ്റേ വാങ്ങി. അവർക്ക് കേസ് നീട്ടിക്കൊണ്ടു പോകണം. ഇത് നീട്ടിക്കൊണ്ടു പോകാൻ എന്താണ് കാരണമെന്ന് അറിയുമോ? ഈ കേസ് നീട്ടിക്കൊണ്ടു പോകണമെങ്കിൽ 2-10-95-ൽ നിലവിൽ വന്ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ആരംഭിച്ച പ്രവർത്തികൾക്കുള്ള ആഡിറ്റ് നാലുവർഷം കഴിഞ്ഞാൽ പിന്നെ നടത്തരുതെന്ന് ഗവൺമെന്റിന് ഒരു നിബന്ധനയുണ്ട്. നാലുവർഷക്കാലം ഇവിടെ തട്ടിമാറ്റണം, നാലുവർഷക്കാലം തട്ടി മാറ്റി, കോടാനുക്കോടി രൂപ മോഷ്ടിച്ചെടുത്ത ആളുകളെ രക്ഷിക്കുന്നതിനുവേണ്ടി നിങ്ങൾ ഈ അന്വേഷണസംഘത്തിന് മൂക്കുകയറിടുകയാണ്,സത്യമാണ് സർ, അങ്ങുപോലും 'യേസ്' എന്നുപറഞ്ഞില്ലേ? ഇതൊരു ജുഡീഷ്യൽ എൻക്വയറിക്ക് നിങ്ങൾ വയ്ക്കാമോ? നിങ്ങൾ പരസ്യാന്വേഷണത്തിന് വയ്ക്കാമോ? നീലൻ സംഭവത്തെക്കുറിച്ചുപോലും പരസ്യാന്വേഷണം നടത്തിയവരല്ലേ? ഒരു പരസ്യാന്വേഷണം നടത്താമോ? പരസ്യാന്വേഷണം നടത്തിയാൽ അഴിമതി വിരുദ്ധ മുഖംമൂടിയുള്ള പലരുടേയും മുഖംമൂടി പിച്ചിച്ചീന്തപ്പെടും എന്നുള്ളതുകൊണ്ട് ആ അന്വേഷണത്തിന് നിങ്ങൾ തയ്യാറാകില്ല. പി.ഡി. അക്കൗണ്ടിൽ 3300 കോടിയോളം രൂപയുടെ തിരിമറിയാണ് നടത്തിയത്. അതുകൊണ്ട് ഒന്നുകിൽ നിയമസഭാസമിതിയെക്കൊണ്ട് അന്വേഷണം നടത്തിക്കണം. അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ജുഡീഷ്യൽ അന്വേഷണം നടത്തി ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടു വരുന്നതിനുവേണ്ടി തയ്യാറാകണം. എന്നോട് സഹകരിച്ചതിൽ അങ്ങേയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് ഞാൻ ഈ നിരാകരണ പ്രമേയത്തെ പിൻതാങ്ങുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2000 വരെ സർക്കുലേറ്റ് ചെയ്യണമെന്നു ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1994-ലെ മൂലനിയമം സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് വിവിധ കേന്ദ്രങ്ങളിൽ വച്ച് തെളിവെടുപ്പ് നടത്തിയതിനുശേഷമാണ് പാസ്സാക്കിയത്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഏഴ് ഭേദഗതികളും വളരെ പ്രധാനപ്പെട്ടവയാണ്. അതുകൊണ്ടുതന്നെയാണ് ഈ ഭേദഗതികൾ വീണ്ടും പൊതുജനങ്ങളുടേയും ബന്ധപ്പെട്ടവരുടേയും അഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് എനിക്ക് സൂചിപ്പിക്കാനുള്ളത്. 19-ാം വകുപ്പിലാണ് ഈ ബില്ലിൽ ആദ്യത്തെ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. മൂലനിയമത്തിൽ ഉദ്യോഗസ്ഥൻമാരെ വച്ചിരുന്നത് അങ്ങ് ഇടയ്ക്ക് മാറ്റിയതാണ്. ഈ നിയമസഭയിൽ ഭേദഗതി കൊണ്ടുവന്ന് ഉദ്യോഗസ്ഥൻമാർക്ക് പകരം ജനപ്രതിനിധികളെ വച്ചു. ഇപ്പോൾ അത് വീണ്ടും മാറ്റുന്നു. അവിടെയാണ് ഞങ്ങൾക്ക് സംശയമുള്ളത്. എന്തിനാണ് ഈ ഇടക്കാലത്തുള്ള ഒരേർപ്പാട്? ''മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീ'' ആയി എന്നു പറഞ്ഞതുപോലെയാണ് ഇപ്പോഴത്തെ ഏർപ്പാട്, അതുകൊണ്ട് എന്റെ ഭേദഗതി ''ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ'' എന്നതിനുപകരം..... കോർപ്പറേഷനിൽ എന്തുകൊണ്ട് ജില്ലാ കളക്ടറെ അയച്ചുകൂടാ? മുനിസിപ്പാലിറ്റികളിൽ എന്തുകൊണ്ട് സബ് കളക്ടറെ അയച്ചുകൂടാ? അങ്ങയുടേത് സദുദ്ദേശപരമായ ഒരു നിർദ്ദേശമാണെങ്കിൽ അത് അംഗീകരിക്കുന്നു. ഈ ഭേദഗതികൾ പലയിടത്തും കുഴപ്പമുണ്ടാക്കിയിട്ടുണ്ട്. പലയിടത്തും വോട്ട് കൂട്ടിയവരൊക്കെയുണ്ട്, അതുകൊണ്ടായിരിക്കും അങ്ങ് ഇത് വീണ്ടും കൊണ്ടുവന്നത്. കോർപ്പറേഷനിൽ മേയർ ഇലക്ഷനും അതുപോലെ അവിശ്വാസപ്രമേയത്തിനും ജില്ലാ കളക്ടറെ അയച്ചാൽ പോരെ? എന്തിനാണ് ഡി.ഡി.യെ അയയ്ക്കുന്നത്? അതുപോലെ മുനിസിപ്പാലിറ്റികളിൽ ആർ.ഡി.ഒ.യെ അല്ലെങ്കിൽ സബ് കളക്ടറെ അയയ്ക്കാം. അതാണ് ഭേദഗതിയായി എനിക്ക് പറയാനുള്ളത്. 69-ാം വകുപ്പ് പ്രകാരം മൂലനിയമത്തിൽ ഗവൺമെന്റിനായിരുന്നു അധികാരം. അതിന് വളരെ എതിർപ്പുണ്ടായി. ഗവൺമെന്റ് ചെയ്താൽ കുഴപ്പമുണ്ടാകുമെന്ന് പണ്ട് പ്രതിപക്ഷം പറഞ്ഞത് നിങ്ങൾ ഭരണപക്ഷമായപ്പോൾ അത് മാറ്റി ഇലക്ഷൻ കമ്മീഷന് കൊടുത്തു. ഫലത്തിൽ എന്താണ് നടക്കുന്നത്? ആരാണ് ഇത് ചെയ്യുന്നത്? പഞ്ചായത്തുകളിൽ ഉള്ളത് കേൾക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി അതുകഴിഞ്ഞ് ഇപ്പോൾ ഡെപ്യൂട്ടി കളക്ടർമാരെ ചുമതലപ്പെടുത്തി. മുനിസിപ്പാലിറ്റികളുടെ അധികാരം ഇപ്പോൾ ആർക്കാണ് കൊടുത്തിരിക്കുന്നത്? സെക്രട്ടറിക്കാണ്. ഞങ്ങളുടെ കൂടെയുള്ള ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ മാർ അവിടെയുണ്ട്. ശ്രീ. എം.എ. തോമസും, ശ്രീ. സെബാസ്റ്റ്യൻ പോളും, ശ്രീ. എം.എ. തോമസിന് ഇക്കാര്യം പ്രത്യേകിച്ച് അറിയാം. കൊച്ചി നഗരത്തിൽ നടന്ന വാർഡ് വിഭജനത്തെ സംബന്ധിച്ച് അദ്ദേഹമടക്കമുള്ളവർ അവിടെ ആൾപാർട്ടി മീറ്റിംഗ് കൂടി പ്രതികരിച്ചു. എന്താണ് കാര്യം? 66 ആയി വർദ്ധിപ്പിച്ച കൊച്ചി നഗരസഭയുടെ വാർഡ് വിഭജനത്തിൽ വളരെയധികം അപാകതവന്നിരിക്കുന്നു. കൊച്ചി നഗരം ടിൻ സിറ്റിയാണ്. ഒന്ന് പശ്ചിമ കൊച്ചിയും മറ്റൊന്ന് എറണാകുളം ഏരിയയുമാണ്. ഇപ്പോൾ നിലവിലുള്ള 50 വാർഡുക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ 26 എണ്ണം എറണാകുളം മേഖലയിലും 24 എണ്ണം പശ്ചിമകൊച്ചി മേഖല യിലുമാണ്. 50 അറുപത്തിയാറായപ്പോൾ എന്തുപറ്റി? പശ്ചിമകൊച്ചി മേഖല യിൽ 24 എന്നത് 26 ആയി, രണ്ടെ കൂടിയുള്ളൂ. ബാക്കി പതിനാലെണ്ണം എറ ണാകുളം മേഖലയിൽ കൂടിയിരിക്കുന്നു. ഗവൺമെന്റ് തെറ്റുചെയ്തുവെന്ന് അങ്ങ് സമ്മതിച്ചതാണ്. ഇലക്ഷൻ കമ്മീഷനെ ഏൽപ്പിച്ച് ഫലത്തിൽ അത് ഒരു പ്രദേശത്തെ ജനങ്ങളുടെ അവകാശമെടുത്തു കളയുന്നതായി മാറി. ഡിവിഷൻ കുറയുന്നു, അതിന്റെ അർത്ഥം അവിടെ അത്രയും അലോട്ടുമെന്റ് കുറയും. ഇലക്ഷൻ കമ്മീഷൻ കാണിക്കുന്ന അപാകതകൾ ഇപ്പോൾ തിരു ത്തുന്നതിന് സുവോമോട്ടോ അധികാരം അവർക്കു തന്നെ കൊടുത്തിരിക്കു ന്നു. ഇപ്പോൾ ഇവിടെ ഇതു സംബന്ധിച്ച് തെളിവെടുപ്പു നടന്നുകൊണ്ടിരിക്കു കയാണ്. എങ്ങനെയാണെന്ന് അറിയാമോ? ജനപ്രതിനിധികളെ ആരേയും വിളിച്ചിട്ടില്ല. പരാതിക്കാരേയും വിളിച്ചിട്ടില്ല. വിളിച്ചിരിക്കുന്നത് സെക്രട്ടറിമാരെ യാണ്, സെക്രട്ടറിമാർ കൊടുക്കുന്ന നിർദ്ദേശം അദ്ദേഹം അംഗീകരിക്കുന്നു. അതിന്റെ അർത്ഥം ഭരണകക്ഷിയ്ക്ക് സ്വാധീനിക്കാൻ കഴിയുന്ന ഒരു സാഹച ര്യമാണ് ഇപ്പോഴും ഇലക്ഷൻ കമ്മീഷനിൽ നിലനിൽക്കുന്നത് എന്നാണ്. ശ്രീ.എം.എ. തോമസ് കൊച്ചിയിൽ സമരം ഉദ്ഘാടനം ചെയ്തു. ഇവിടെ അദ്ദേഹം വന്നിട്ടില്ല. അവിടെ അദ്ദേഹത്തിന് നിൽക്കക്കള്ളിയില്ല. സി.പി. ഐ.യുടെ പോളിസിയല്ലേ, പുറത്തുപറയും അകത്ത് പറയുകയില്ല. അദ്ദേഹ ത്തിന് നിൽക്കക്കള്ളിയില്ല. അതുകൊണ്ട് അവിടെ ഉൽഘാടനം. ഇവിടെ മിണ്ടുന്നില്ല. സി.പി.ഐ.യുടെ കാര്യം അറിയാം. ശ്രീ. രാജേന്ദ്രാ ശ്രീ. രാജു വിനെ ഇന്ന് കാണാനില്ലല്ലോ. ഇങ്ങനെ അപാകതയുള്ളത് പരിശോധിക്കാൻ അങ്ങ് തയ്യാറാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അങ്ങയുടെ ഉദ്ദേശ ശുദ്ധി ഭേദഗതിയിൽ പ്രതിഫലിക്കുന്നില്ല. ഗവൺമെന്റ് നേരിട്ടു ചെയ്തപ്പോൾ കാണിച്ചിരുന്ന നിഷ്പക്ഷതപോലും ഇലക്ഷൻ കമ്മീഷൻ വാർഡു വിഭജന ത്തിൽ കാണിക്കുന്നില്ല. അത് അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് പറ യാനുള്ളത്. അതുപോലെ 383-ാം വകുപ്പിന് ഒരു ഭേദഗതിയുണ്ട്. അതു ബഹു മാനപ്പെട്ട കുരിക്കൾ പറഞ്ഞതുപോലെ ഹൈവേ പ്രൊട്ടക്ഷൻ ആക്ടുമായി സിങ്ക്രൊണൈസ് ചെയ്യുമോ? അവർ ഇപ്പോൾ റിബൽ ഏരിയ നോട്ടിഫൈ ചെയ്യാൻ പോകുന്നേയുള്ളൂ. ഈ വകുപ്പ് അനുസരിച്ച് ഏതു റോഡും, ഇടവഴി വേണമെങ്കിലും അതോറിറ്റിക്ക് പ്രഖ്യാപിക്കാം. അങ്ങനെ ഒരു നിയമം നിയമ സഭ പാസ്സാക്കി നടപ്പിലാക്കാൻ പോകുന്നു. അത് അതോറിറ്റി പ്രഖ്യാപിച്ചു കഴിഞ്ഞാൽ അതിനു വിരുദ്ധമായി ഇത് നിൽക്കുമോ? അപ്പോൾ ഈ കാര്യങ്ങ ളൊക്കെ ആലോചിക്കണ്ടേ? അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സബ്ജക്ടു കമ്മിറ്റിയിൽ പരിഗണനാവേളയിൽ ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം വന്നിരിക്കുന്നത് 407 -ാം വകുപ്പിലാണ്. അത് അപകടം പിടിച്ച ഒരു ഏർപ്പാടല്ലേ? ഒറിജിനൽ ആക്ടിന് കോംപീറ്റന്റ് അതോറിറ്റിക്ക് 30th day of May, 1994. അതു കഴിഞ്ഞ് പിന്നീട് പതിനെട്ട് മാസത്തിനകം അപേക്ഷ കൊടുക്കണമെന്നാണ് വച്ചിരുന്ന ത്. അതു പാസ്സാക്കി പതിനെട്ടു മാസത്തെ എക്സംപ്ഷൻ കൊടുത്തു. ഇപ്പോൾ 1999 ഒക്ടോബർ 15 വരെ വീണ്ടും എക്സംപ്ഷനാണ്. അതിന്റെ അർത്ഥം ഒറിജിനൽ ആക്ട് വന്ന് കഴിഞ്ഞ് ഇത്രയും കാലം നടന്ന എല്ലാ അനധികൃത നിർമ്മാണങ്ങളും റെഗുലറൈസ് ചെയ്യണമെന്നല്ലേ?

ശ്രീ. കെ. ബാബു : സർ, കൊച്ചി നഗരത്തിൽ അനധികൃത കെട്ടിട നിർമ്മാണം കണ്ടുപിടിക്കുന്നതിന് ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരു ന്നു. ഒരു കൊല്ലം മുൻപാണ് ഗവൺമെന്റ് ആ കമ്മിറ്റിയെ നിയോഗിച്ചത്. ആ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിരുന്നു. അത്തരം അനധികൃത കെട്ടിട നിർമ്മാണം നടത്തിയ ആളുകളോട് ഇപ്പോൾ പൊളിക്കും, ഇപ്പോൾ പൊളിക്കും എന്നുപറഞ്ഞ് ഭീഷണിപ്പെടുത്തി പണം വാങ്ങുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് സഹായകരമായ വിധത്തിലല്ലേ ഈ ഭേദഗതി എന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ശ്രീ. ബാബു ഇപ്പോൾ പറഞ്ഞ കാര്യം ഗൗരവമായി മന്ത്രി ആലോചിക്കണ്ടേ? അതു നഗരത്തിൽ പാട്ടാണ്. ആറുനില കെട്ടിടംവരെ പണിതിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വരണം. ഞാൻ കാണിച്ചുതരാം. എം.ജി. റോഡിൽ നിരവധി കെട്ടിടങ്ങൾക്ക് നഗരസഭയെ പറ്റിച്ച്, ജി.സി.ഡി.എ.യെ പറ്റിച്ച് പെർമിറ്റ് വാങ്ങിയിട്ടുണ്ട്. പുറംപോക്കിൽ വരെ കെട്ടിടം പണിതിട്ടുണ്ട്. ജി.സി.ഡി.എ യിൽ ഞങ്ങളൊക്കെ മെമ്പർമാരാണ്. ജി.സി.ഡി.എ യിൽ ഉൾപ്പെടെ ഞങ്ങൾ ജോയിന്റ് കമ്മിറ്റിയെ വച്ചു. ജി.സി.ഡി.എ കോർപ്പറേഷൻ അധികാരികൾ, ടൗൺ പ്ലാനിംഗ് അധികാരികൾ റവന്യൂ അധികാരികൾ എന്നിവർ ചേർന്ന് ലിസ്റ്റ് എടുത്തിട്ടുണ്ട്. അനധികൃതമായ നൂറിലധികം കെട്ടിടങ്ങളുണ്ടെന്നാണ് ആ ലിസ്റ്റിൽ വ്യക്തമാക്കുന്നത്. പക്ഷേ ആ ലിസ്റ്റ് പ്രഖ്യാപിച്ചിട്ടില്ല. നടപടി എടുത്തിട്ടില്ല. ബാംഗ്ലൂരിലും ബോംബെയിലുമൊക്കെ കെട്ടിടങ്ങൾ ഇടിച്ചു പൊളിക്കുന്നത് നമ്മൾ ടി.വിയിൽ കണ്ടതല്ലേ? ശ്രീ. അൽഫോൺസ് കണ്ണന്താനം, ഇപ്പോഴത്തെ ട്രാൻസ്പോർട്ട് കമ്മീഷണർ ഡൽഹിയിൽ കുറേ കെട്ടിടങ്ങൾ പൊളിച്ചിട്ടാണ് ഇങ്ങോട്ട് വന്നത്. അനധികൃത കെട്ടിടങ്ങളിൽ ഏതുവരെയുള്ളതിന് എക്സംപ്ഷൻ കൊടുക്കാം. ചെറിയ വീടുകൾ, മൂന്ന് സെന്റിലെ വീടിന് എക്സംപ്ഷൻ കൊടുത്താൽ കുഴപ്പമില്ല. പക്ഷേ കമേഴ്സ്യൽ ബിൽഡിംഗിനോ? ആറുനില ഫ്ളാറ്റിന് എത്രയോ കോടികളാണ് മാറുന്നത്. രണ്ടു നില മുകളിലേക്ക് കെട്ടിക്കഴിഞ്ഞാൽ എട്ട് ഫ്ളാറ്റ് കിട്ടും. എറണാകുളത്ത് 25-ഉം 30-ഉം 40-ഉം ലക്ഷം രൂപയാണ് ഒരു ഫ്ളാറ്റിന് വില. അതിന്റെ അർത്ഥം രണ്ടു നില അനധികൃതമായി കെട്ടിക്കഴിഞ്ഞാൽ ഈ വകുപ്പനുസരിച്ച് എക്സംപ്ഷൻ കൊടുക്കാൻ തീരുമാനിക്കുകയാണെങ്കിൽ, റഗുലറൈസ് ചെയ്യുകയാണെങ്കിൽ കോടികളുടെ ലാഭം അവർക്കുണ്ടാകുന്നു. അതിന് അങ്ങ് കൂട്ടുനിൽക്കണമോ?

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, എറണാകുളത്ത് എം.ജി. റോഡിലെ അനധികൃതമായ കെട്ടിടത്തിന്റെ കാര്യം പറഞ്ഞല്ലോ. ഈ കെട്ടിടങ്ങളുടെ അനധികൃതമായ നിർമ്മാണത്തിന് ചട്ടങ്ങൾക്കു വിരുദ്ധമായി അനുവാദം കൊടുത്തത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണെന്ന് അങ്ങേക്കറിയുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങ് അനധികൃതമെന്ന് പറഞ്ഞിരിക്കുന്നത് ഗവൺമെന്റ് കൊടുത്ത എക്സംപ്ഷനെക്കുറിച്ചല്ലേ? ഗവൺമെന്റ് എക്സംപ്ഷൻ കൊടുത്തതും നോക്കേണ്ടത് കോർപ്പറേഷനാണ്. കോർപ്പറേഷൻ നോക്കിയിട്ടില്ല. അങ്ങനെ വന്നിരിക്കുന്ന കെട്ടിടങ്ങളാണ്. അല്ലാതെ എക്സംപ്ഷൻ കൊടുത്തത് അവർ പണിതിട്ടുണ്ട്. ഗവൺമെന്റ് എക്സംപ്ഷൻ നിയമാനുസൃതമാണ്. അതല്ല ഇവിടെ വന്നിരിക്കുന്നത്. പ്ലാൻ എക്സംപ്ഷൻ കിട്ടിയതിനുശേഷം അതിനു വിരുദ്ധമായി പണിതിരിക്കുകയാണ്. ബഹുമാനപ്പെട്ട എറണാകുളം മെമ്പർ പറഞ്ഞതിനോട് യോജിക്കുന്നു. അനധികൃതമായി ഏതു സർക്കാർ കെട്ടിടനിർമ്മാണത്തിന് അനുമതി കൊടുത്താലും അത് പൊളിക്കണം. പൊളിക്കാൻ ബുദ്ധിമുട്ടില്ല. അതിനോട് ഞങ്ങൾ യോജിക്കുന്നു. 407-ാം വകുപ്പ് അനുസരിച്ച് അനധികൃതമായി പണിത ഏത് കെട്ടിടത്തിനായാലും എക്സംപ്ഷൻ കൊടുക്കുന്നത് ശരിയല്ല. അതിനൊരു

LIBRARY ARCHIVES Kerala Legislative Assembly

പരിധിയുണ്ടാകണം. സ്വന്തമായ ഒരു വീട് അംഗീകരിക്കാം. പക്ഷേ കമേഴ്സ്യൽ ഉപയോഗത്തിന് അല്ലെങ്കിൽ ഫ്ളാറ്റ് പണിത്, വിൽക്കുക എന്ന ഉദ്ദേശത്തോടെ പണിത വൻകിട ഏർപ്പാടുകാരെ സഹായിക്കുന്നതിനാണ് ഈ ഭേദഗതി കൊണ്ടുവന്നത് എന്ന് വലിയ ആക്ഷേപമുണ്ട്. ഇപ്പോൾ പുതിയ ചാനൽ ഒക്കെ വരാൻ പോകുകയാണ്. അങ്ങനെയുള്ളവരൊക്കെ വിളിച്ച് നെഗോഷ്യേറ്റ് ചെയ്യുകയാണ് എന്നാണ് സംസാരം. അതിനൊക്കെ കൂട്ടു നിൽക്കേണ്ട കാര്യമുണ്ടോ? അഴിമതിരഹിതമായ ഒരു ഗവൺമെന്റ് എന്നാണല്ലോ നിങ്ങളുടെ വയ്പ്. അഴിമതി വ്യാപകമാക്കാനുള്ള ഒരു പദ്ധതിയായി 407-ാം വകുപ്പിനെ കാണരുത്. ഇങ്ങനെയുള്ള കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്നുകിൽ അസംബ്ലിയിൽ അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റി സ്റ്റേജിൽ ആവശ്യമായ ഭേദഗതി വരുത്തണം. അതു വരുത്തുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> : സർ, 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ഈ ബില്ലിലെ 69-ാം വകുപ്പിലൂടെ സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്ന രൂപത്തിൽ രാഷ്ട്രീയമായ ഇടപെടലുകൾ ഒഴിവാക്കാൻ കഴിയുന്ന വിധത്തിലുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷന് റിവിഷൻ പെറ്റീഷൻ നൽകാനും അതിന്റെ പേരിൽ തീരുമാനമെടുക്കുന്നതിനും അധികാരം നൽകുന്ന ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. വരാൻ പോകുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ഷൻ കമ്മീഷൻ വിളിച്ചുചേർത്ത രാഷ്ട്രീയ പാർട്ടി നേതാക്കൻമാരുടെ യോഗത്തിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായം മാനിച്ചുകൊണ്ടാണ് ഇങ്ങനെ ഒരു തീരുമാനം ഗവൺമെന്റ് എടുത്തത്. ആ തീരുമാനം അംഗീകരിച്ചിട്ടും ഇവിടത്തെ യു.ഡി.എഫ് ഇരട്ടത്താപ്പ് നയമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. ഇലക്ഷൻ കമ്മീഷന് എതിരായി അദ്ദേഹത്തിന്റെ ഓഫീസിലേക്ക് അക്രമപരമായ സമരം അഴിച്ചുവിടുകയാണ് ചെയ്തത്. കമ്മീഷണർ വിളിച്ചുചേർത്ത യോഗത്തിൽ ഒരു അഭിപ്രായം പറയുക, എന്നിട്ട് ജനങ്ങൾക്ക് മുമ്പാകെ വന്ന് വേറൊരു അഭിപ്രായം പറയുക, ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനുവേണ്ടി, പുകമറ സൃഷ്ടിക്കുന്നതിനുവേണ്ടി അക്രമാസക്തമായ അനാവശ്യ സമരങ്ങൾ ചെയ്യുക അതാണ് ഇപ്പോൾ പ്രതിപക്ഷം ചെയ്യുന്നത്. ഭരണഘടനയുടെ 73-ഉം, 74-ഉം വകുപ്പുകളുടെ ഭേദഗതി കൊണ്ടുവന്നപ്പോൾ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ രൂപീകരിക്കുന്നതിന് നമുക്ക് അവകാശം കിട്ടി. അങ്ങനെ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ രൂപീകരിച്ചപ്പോൾ ആ കമ്മീഷനുണ്ടായിരുന്ന ഏക അധികാരം തെരഞ്ഞെടുപ്പ് നടത്തിക്കൊടുക്കുക എന്നതുമാത്രമായിരുന്നു. വേറൊരു അധികാരവും ഇലക്ഷൻ കമ്മീഷന് ഉണ്ടായിരുന്നില്ല. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട, തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി നടത്തേണ്ട ഏറ്റവും പരമപ്രധാനമായ വാർഡ് വിഭജനമുൾപ്പെടെ, സംവരണമുൾപ്പെടെ തീരുമാനിക്കാനുള്ള അധികാരം ഇലക്ഷൻ കമ്മീഷന് ഉണ്ടായിരുന്നില്ല. അതൊക്കെ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് സർക്കാർ കൈയടക്കി വച്ചിരുന്നു. രാഷ്ട്രീയ പ്രേരിതമായ, രാഷ്ട്രീയ പക്ഷപാതത്വം കാണിച്ചുകൊണ്ട് ഏതെല്ലാം പാർട്ടികളാണോ ആ വകുപ്പ് കൈകാര്യം ചെയ്യുന്നത്, ഗവൺമെന്റിന് നേതൃത്വം നൽകുന്നത് ആ പാർട്ടികളുടെ ആഗ്രഹങ്ങൾക്കനുസരിച്ച് ജനവികാരത്തെ അട്ടിമറിക്കുന്നതിനുവേണ്ടിയാണ് നിങ്ങൾ അധികാരം ഇലക്ഷൻ കമ്മീഷന്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാതെ രാഷ്ട്രീയ പ്രേരിതമായി സർക്കാരിന്റെ കയ്യിൽവയ്ക്കുന്ന സാഹചര്യമുണ്ടാക്കിയത്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രീ. പാലൊളി മുഹമ്മദ് കുട്ടി ഈ വകുപ്പു ഏറ്റെടുത്തതിനുശേഷം ആവശ്യമായിട്ടുള്ള ഭേദഗതി ഈ നിയമസഭയിൽ കൊണ്ടുവന്നതിനുശേഷമാണ് തെരഞ്ഞെടുപ്പിനു മുമ്പായി നടക്കേണ്ടുന്ന വാർഡ് വിഭജനം ഉൾപ്പെടെ സ്ത്രീകളുടേയും പട്ടികജാതി പട്ടികവർഗ്ഗക്കാരുടേയും സംവരണം ഉൾപ്പെടെ തീരുമാനിക്കുന്നതിനുള്ള അധികാരം ഇലക്ഷൻ കമ്മീഷന് കൊടുത്തത്. അതുകൊണ്ടുതന്നെ ഇപ്പോൾ വാർഡ് വിഭജനം നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഹിയറിംഗ് നടന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ വാർഡു വിഭജനവുമായി ബന്ധപ്പെട്ട് പരാതി കുറഞ്ഞ കാലഘട്ടം ഇതിനു മുമ്പ് ഉണ്ടായിട്ടുണ്ടോ? യു.ഡി.എഫ്. ഭരിക്കുമ്പോൾ വാർഡ് വിഭജനത്തിന്റെ അധികാരം സർക്കാരിൽ കേന്ദ്രീകരിച്ചുകൊണ്ട് യു.ഡി.എഫ്. തീരുമാനിക്കുന്ന കോൺഗ്രസിന്റെ കൂടെ നിൽക്കുന്ന പാർട്ടികളുടെയും അഭിപ്രായമനുസരിച്ചും ഓഫീസിൽ നിന്ന് കൊടുക്കുന്ന ലിസ്റ്റ് അനുസരിച്ച് ഒരു തത്വദീഷയുമില്ലാതെ യാതൊരുവിധമാനദണ്ഡവുമില്ലാതെയുമാണ് വാർഡ് വിഭജനം നടത്തിയത്. അതിന്റെ ഭാഗമായി എന്താണ് നമ്മുടെ സംസ്ഥാനത്ത് സംഭവിച്ചത്? ചില പഞ്ചായത്തുകളിൽ ചില വാർഡുകളിൽ 3,000 വോട്ട്, അതേ പഞ്ചായത്തിൽ വേറൊരു വാർഡിൽ 300 വോട്ട്. ഇത് അംഗീകരിക്കാൻ പറ്റുമായിരുന്നോ? പ്രകൃതിദത്തമായിട്ടുള്ള അതിർത്തികൾ ഉണ്ടായിരുന്നോ? നിങ്ങൾ ഉണ്ടാക്കിയിരുന്ന വാർഡുകളിൽ അതിരുകൾ ഉണ്ടായിരുന്നില്ല. ചില വ്യക്തികളുടെ ചായക്കടയായിരുന്നു ചില വാർഡുകളുടെ അതിർ. ആ ചായക്കട അവിടെനിന്ന് വേറെ സ്ഥലത്തേയ്ക്ക് മാറിയാൽ ആ വാർഡിന്റെ അതിർ ആ ചായക്കടക്കാരന്റെ കൂടെ പോകും. അതായിരുന്നില്ലേ അവസ്ഥ? എത്ര പരാതികൾ ഉണ്ടായിരുന്നു? വാർഡിന്റെ അതിരുകൾ പ്രകൃതിദത്തമായിരുന്നോ? അല്ല. ആ രൂപത്തിലുള്ള നിരവധി അശാസ്ത്രീയമായ രീതിയിലുള്ള അനുഭവങ്ങൾ നിങ്ങളുടെ ഭരണക്കാലത്ത് ഉണ്ടായിരുന്നു. എന്നിട്ടും നിങ്ങൾ ഈ രൂപത്തിൽ രാഷ്ട്രീയ പക്ഷപാതിത്വം കാണിച്ച് അധികാര ദുർവിനിയോഗം നടത്തി നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും വാർഡ് വിഭജനം നടത്തിയെങ്കിലും കേരളത്തിലെ പ്രബുദ്ധരായിട്ടുള്ള ജനങ്ങൾ നിങ്ങളെ വിട്ടില്ല. അതാണ് ഉണ്ടായത്. നിങ്ങളുടെ ഗവൺമെന്റ് അധികാരദുർവിനിയോഗം നടത്തി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയിട്ടുള്ള പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തെരഞ്ഞെടുപ്പിലും പ്രബുദ്ധരായിട്ടുള്ള കേരളത്തിലെ ജനത ഇടതുപക്ഷ ജനാധിപത്യമുന്നണിയെയാണ് വിജയിപ്പിച്ചത്. ഈ രംഗത്ത് കാണിച്ചുകൊണ്ടിരിക്കുന്ന പിടിപ്പുകെട്ട സമീപനം, ഇരട്ടത്താപ്പ് സമീപനം കേരളത്തിലെ ജനങ്ങൾ അനുവദിക്കുകയില്ല. അതുപോലെ നിങ്ങൾ ചെയ്ത രാഷ്ട്രീയ വിവേചനംകൊണ്ടു സഖാവ് എ.കെ.ജി. യുടെ ജന്മനാടായ കണ്ണൂർ ജില്ലയിലെ പെരളശ്ശേരി പഞ്ചായത്തിൽ നിങ്ങൾ എന്ത് വൃത്തികേടാണ് ചെയ്തത്. ഒരു പഞ്ചായത്തിനെ 11 ആക്കി മുറിച്ചിട്ടാണ് നിങ്ങൾ ഒരു ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് കൊടുത്തത്. ഇത്രയും വലിയ വൃത്തികേടുകളാണ് അന്നുണ്ടായത്. ചെറിയ ഉദാഹരണം പറഞ്ഞതാണ്. അതുപോലെ നൂറുകണക്കിന് അനുഭവങ്ങൾ നമ്മുടെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ ഉണ്ടായിട്ടുണ്ട്. ഇത്രയും വലിയ വൃത്തികേടാണ് നിങ്ങൾ ഈ രംഗത്ത് ചെയ്തത്. എന്നാൽ ആ രൂപത്തിലുള്ള യാതൊരുവിധ പരാതിയും ഉണ്ടാകാത്ത നിലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്തും വാർഡ് വിഭജനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇലക്ഷൻ കമ്മീഷന് നൽകിക്കൊണ്ടു നീതിപൂർവ്വമായി, നിഷ്പക്ഷമായി വാർഡ് വിഭജനവും അതുപോലെ സംവരണവുമൊക്കെ തീരുമാനിക്കാനുള്ള അധികാരം നൽകിയതിന്റെ ഭാഗമായി ആ രംഗത്ത് പരാതി കുറയ്ക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഈ ഗവൺമെന്റിന്റെ കാലത്ത് എന്തെങ്കിലും ഒരു നല്ല കാര്യം ചെയ്താൽ, ഏത് വിഷയത്തിലും ഒരു ജനകീയവൽക്കരണം വന്നാൽ അതിനെ അന്ധമായിട്ട് എതിർക്കുക എന്നുള്ളത് നിങ്ങളുടെ ജന്മസിദ്ധമായിട്ടുള്ള ശൈലിയായിട്ടാണ് കാണുന്നത്. എന്ത് നല്ല കാര്യം ചെയ്താലും ജനകീയ പോലീസ് അവസാനത്തേതാണ്. ഇതു മാത്രമല്ല 57 മുതൽ ഉണ്ട്. സഖാവ് ഇ.എം.എസ് ന്റെ ഗവൺമെന്റ് വന്നപ്പോൾ പാട്ടപ്പറ തല്ലിപൊളിക്കുന്നതിനുവേണ്ടി ഇവിടെ കേന്ദ്രീകരിച്ചിരുന്ന ഭൂമി പാവപ്പെട്ട ബഹുഭൂരിപക്ഷം ആളുകൾക്ക് കൊടുക്കുന്നതിനുവേണ്ടി കൂടി ഒഴിപ്പിക്കൽ നിരോധനനിയമം കൊണ്ടുവന്നു. നിങ്ങൾ എതിർത്തില്ലേ? അതല്ലേ നിങ്ങളുടെ ചരിത്രം. അത് മാത്രമല്ല. കർഷകത്തൊഴിലാളിക്ക് പെൻഷൻ, അതൊരു ജനകീയവൽക്കരണത്തിന്റെ ഭാഗമായിരുന്നില്ലേ? കർഷകത്തൊഴിലാളിക്ക് പെൻഷൻ കൊടുക്കാൻ വേണ്ടി തീരുമാനിച്ചപ്പോൾ എതിർത്തില്ലേ?

ശ്രീ. ജോണി നെല്ലൂർ : സർ, അങ്ങ് തെരഞ്ഞെടുപ്പ് കമ്മീഷൻ ചെയ്യുന്ന കാര്യങ്ങളെ ന്യായീകരിച്ചുകൊണ്ടാണല്ലോ പറയുന്നത്. നമ്മുടെ സംസ്ഥാനത്തെ തെരഞ്ഞെടുപ്പിനു ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന വോട്ടർപട്ടിക തയ്യാറാക്കുന്നത് എന്യൂമറേഷനിലൂടെ വേണം എന്ന് ആവശ്യപ്പെട്ട് ഒരു സമരം നടത്തിയല്ലോ ആ ആവശ്യത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, കേരളത്തിൽ ആർക്കെങ്കിലും വോട്ട് നിഷേധിക്കുന്നെങ്കിൽ മാത്രമേ ആ പ്രശ്നം ഉദിക്കുന്നുള്ളൂ. കേരളത്തിൽ ആർക്കും വോട്ട് നിഷേധിക്കുന്നില്ല. എന്താണ് പ്രശ്നം? ആർക്കെങ്കിലും വോട്ട് നിഷേധിക്കുന്ന ഒരു പ്രശ്നമുണ്ടെങ്കിൽ മാത്രമേ ആ ചോദ്യത്തിന് പ്രസക്തിയുള്ളൂ. ഇവിടെ ജനകീയവൽക്കരിക്കുന്ന എല്ലാ പരിപാടികളേയും പദ്ധതികളേയും എതിർക്കുകയാണ്, കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിച്ചപ്പോൾ അതിനെ എതിർത്തു.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കേരളത്തിൽ പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ സൗകര്യം ഉണ്ടാക്കുമ്പോൾ തെരഞ്ഞെടുപ്പുകൾ നീട്ടിവയ്ക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ, ആസൂത്രിതമായ പ്രവർത്തനമാണ് യു.ഡി.എഫ് ന്റെ ഭാഗത്തു നിന്നും സംഘടിപ്പിക്കപ്പെടുന്നത് എന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയുമോ?

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, ഈ സമയത്ത് തെരഞ്ഞെടുപ്പ് നടക്കാൻ പാടില്ല എന്ന് തന്നെയാണ് അവരുടെ താൽപ്പര്യം. അതുകൊണ്ടുതന്നെയാണ് അവർ ഈ രൂപത്തിൽ കുഴപ്പങ്ങൾ ഉണ്ടാക്കാനും കോടതിയെ സമീപിക്കാനുമൊക്കെ ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ ജില്ലാ കൗൺസിലിന് അധികാരം കൊടുക്കാൻ വേണ്ടി തീരുമാനിച്ചു, എതിർത്തില്ലേ? അതുപോലെതന്നെയാണ് ഈ ഗവൺമെന്റ് കൊണ്ടുവന്ന ജനകീയാസൂത്രണത്തെ ഭരണകേന്ദ്രത്തിലും ചില ഉദ്യോഗസ്ഥൻമാരിലും മാത്രം കേന്ദ്രീകരിച്ചിരുന്ന അധികാരം തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് ജനങ്ങളിലേയ്ക്ക് വികേന്ദ്രീകരിക്കുന്നതിനു വേണ്ടി കൊണ്ടുവന്നി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള ജനകീയാസൂത്രണത്തെ നിങ്ങൾ എതിർത്തു. അത് പൊളിക്കാൻ നിങ്ങൾ ശ്രമിച്ചു. അതു പൊളിയില്ല, തകരില്ല എന്ന് കണ്ടപ്പോൾ ഞങ്ങളാണ് ഇതിന്റെ ആശാൻമാർ എന്ന് പറഞ്ഞുകൊണ്ടു പല ഭാഗത്തുനിന്നും മുന്നോട്ടു വന്നിട്ടുണ്ട്. സ്വന്തം കാലിനടിയിലെ മണ്ണ് ഇളകിപ്പോകുമെന്ന് ബോധ്യപ്പെട്ടതു കൊണ്ടാണ് അങ്ങനെ ചെയ്തത്. നിങ്ങൾ ആദ്യം അന്ധമായിട്ട് എതിർത്തു. ഇപ്പോൾ അത് പൊളിക്കാൻവേണ്ടി പല ഭാഗത്തുനിന്നും ശ്രമം നടത്തികൊണ്ടിരിക്കുകയാണ്. അതാണ് നിങ്ങളുടെ സമീപനം. ഇപ്പോൾ ജനകീയ പോലീസ്. എന്താ, ഇപ്പോൾ ഇവിടെ ഭൂകമ്പം ഉണ്ടായോ? ജനകീയ പോലീസ് എന്ന ഒരു ആശയം ഇപ്പോൾ ചർച്ച ചെയ്യാൻ വേണ്ടി ആലോചിക്കുമ്പോഴേയ്ക്കും ഇവിടെ ഭൂകമ്പം ഉണ്ടായോ? നല്ല കാര്യങ്ങൾ ചെയ്യുന്നതിനു മുന്നോട്ട് വരുന്ന ഗവൺമെന്റിനെ അംഗീകരിക്കാൻ തയ്യാറാകണം. ഈ ജനാധിപത്യ രാജ്യത്ത് ജനകീയമായി ഉണ്ടാകുന്ന എല്ലാ നല്ല കാര്യങ്ങളേയും അംഗീകരിക്കാനുള്ള ആർജ്ജവമാണ് പ്രതിപക്ഷം കാണിക്കേണ്ടത്. അന്ധമായിട്ടുള്ള ഭരണപക്ഷ വിരോധം വച്ച് പുലർത്തിക്കൊണ്ടു പണ്ട് തങ്ങൾ നടത്തിയതുപോലെയുള്ള ഒരു കാര്യങ്ങളും അനധികൃതമായിട്ട് ഇപ്പോൾ നടക്കാത്ത ഒരു വിഷമമാണ്; അധികാരം ഇല്ലാത്തതിന്റെ ഒരു വിഷമം വരാൻ പോകുന്ന പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തെരഞ്ഞെടുപ്പിലും അതിനു ശേഷം നടക്കാൻ പോകുന്ന അസംബ്ലി തെരഞ്ഞെടുപ്പിലും തങ്ങളുടെ തിരിച്ചുവരവ് പ്രതീക്ഷിച്ചുകൊണ്ടാണ് നിങ്ങൾ ഈ സംസ്ഥാനത്ത് ഈ രൂപത്തിലുള്ള വേണ്ടായ്മകൾ, തോന്നിവാസങ്ങളൊക്കെ ആഭാസ സമരത്തിലൂടെ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങൾ എന്തായാലും നിങ്ങളുടെ ഈ ചെപ്പടിവിദ്യയൊന്നും ചെവിക്കൊള്ളാൻ പോകുന്നില്ല. മുഖവിലയ്ക്കെടുക്കാൻ പോകുന്നില്ല. തീർച്ചയായിട്ടും ഈ സംസ്ഥാനത്ത് ജനകീയാസൂത്രണവും ജനകീയ പരിപാടികളുമായി മുന്നോട്ട് വന്നുകൊണ്ടിരിക്കുന്ന ഇടതുപക്ഷ മുന്നണിക്ക് ശക്തമായിട്ടുള്ള പിൻബലം ജനങ്ങൾ നൽകും എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം ഞാൻ അവസാനിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, രണ്ടു ദിവസം മുമ്പ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള കേരള പഞ്ചായത്തീരാജ് (ഭേദഗതി) ബില്ലിൽ നമ്മൾ ചർച്ചചെയ്തിട്ടുള്ള വിഷയം തന്നെയാണ് ഇപ്പോൾ പ്രധാനമായിട്ടും ചർച്ച ചെയ്തത്. അതേ ഭേദഗതി മുനിസിപ്പൽ നിയമത്തിലും വരുത്തുന്നു എന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശം. അത്തരം ഒരു ഭേദഗതി ആവശ്യമായിത്തീർന്ന സാഹചര്യത്തെ സംബന്ധിച്ച് നേരത്തേ ഇവിടെ വിശദീകരിച്ചിട്ടുള്ളതാണ്. അതിൽ കൂടുതലായിട്ടൊന്നും ഇവിടെ പറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും, വാർഡ് വിഭജനത്തെ സംബന്ധിച്ചുമൊക്കെ അഭിപ്രായപ്രകടനങ്ങൾ നടത്തി. വളരെ രസകരമായിട്ടുള്ള ഒരു കാര്യം ബഹുമാനപ്പെട്ട ചില മെമ്പർമാർ ചോദിച്ചത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് ആരാണ് എന്നുള്ളതാണ്. എന്നു പറഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന്റെ ഉദ്യോഗസ്ഥൻമാരല്ലേ എന്നാണ് ചോദിച്ചത്.

സംസ്ഥാനത്തിൽ എന്നല്ല, കേന്ദ്രത്തിലായാലും തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുമ്പിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു സ്ഥിരം ഭരണ സംവിധാനമോ ഉദ്യോഗസ്ഥൻമാരോ ഇല്ല എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ഇവിടെ പെട്ടെന്ന് ഉണ്ടായതല്ല. കാലാകാലങ്ങളായി നമ്മുടെ സംസ്ഥാനത്തിലുള്ളതാണ്. ആ കാലങ്ങളിലെല്ലാം തന്നെ തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്തി അവരെ അധികാരപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ആ സംസ്ഥാനത്തിനുള്ള വിവിധ മേഖലകളിലുള്ള ഉദ്യോഗസ്ഥൻമാരെയാണ് എടുക്കാറുള്ളത്. അത് അവർ ആവശ്യപ്പെടും. കൊടുക്കും. അത് സാധാരണ പതിവാണ്. ആ ഉദ്യോഗസ്ഥൻമാർ ആ തെരഞ്ഞെടുപ്പ് കമ്മീഷന്റെ കീഴിലായിരിക്കും പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പ്, പ്രത്യേകിച്ച് 1994 -ലെ പഞ്ചായത്ത് രാജ് നിയമനിർമ്മാണ ഘട്ടത്തിൽ - ഞങ്ങൾ അന്നത്തെ പ്രതിപക്ഷമാണല്ലോ - ഞങ്ങൾ നിയമസഭയിൽ വളരെ ശക്തമായി ആവശ്യപ്പെട്ട ഒരു കാര്യമാണ് വാർഡ് വിഭജനത്തിനുള്ള അധികാരം തെരഞ്ഞെടുപ്പ് കമ്മീഷന് നൽകണമെന്നുള്ളത്. അത്തരത്തിലുള്ള ഒരു അഭിപ്രായം ശക്തിപ്പെട്ടുവരുന്നതിന്റെ അടിസ്ഥാനം അതിന് മുമ്പ് നിങ്ങൾ ഭരണകക്ഷിയായിരിക്കുന്ന ഘട്ടത്തിൽ നടത്തിയിട്ടുള്ള വാർഡ് വിഭജനത്തിന്റെ തിക്താനുഭവം കൊണ്ടാണ്. ഇവിടെ ഇതിന്റെ കാര്യങ്ങൾ പറഞ്ഞു. ഒരു മാനദണ്ഡവുമില്ലാതെ, ഒരു മര്യാദയും കാണിക്കാതെ വിജയിക്കുന്നതിനുവേണ്ടി നിങ്ങൾക്ക് അനുകൂലമായിട്ടുള്ള വോട്ടർമാരെ അതത് പ്രദേശത്തുനിന്ന് എടുത്തുകൊണ്ടു വാർഡ് വിഭജിക്കുന്ന രീതി വരെയുണ്ടായി. അത് വളരെ അശാസ്ത്രീയമായിരുന്നുവെന്നുള്ളത് എല്ലാവർക്കും ബോധ്യപ്പെട്ടതാണ്. അതുകൊണ്ടാണ് അത് തിരുത്തണം, തെരഞ്ഞെടുപ്പ് കമ്മീഷന് അതിന് അധികാരം കൊടുക്കണമെന്ന് പറഞ്ഞത്. നിങ്ങൾ അന്ന് അത് നിഷ്കരണം തള്ളി. സ്വാഭാവികമായിട്ടും പ്രതിപക്ഷത്തിരുന്ന് അത്തരമൊരു ആവശ്യം ഉന്നയിച്ചിട്ടുള്ള അന്നത്തെ പ്രതിപക്ഷമായിരുന്ന ഇന്നത്തെ ഭരണകക്ഷി അധികാരത്തിൽ വരുന്ന സമയത്ത് അതിൽ നിന്ന് ഒളിച്ചോടിപോകാൻ ഈ കക്ഷിക്ക് കഴിയുമായിരുന്നില്ല. ഞങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷനെവച്ചു. തെരഞ്ഞെടുപ്പ് കമ്മീഷന് ഈ അധികാരം കൊടുത്തപ്പോൾ ഇപ്പോൾ നിങ്ങൾക്ക് സംശയമാണ്, തെരഞ്ഞെടുപ്പ് കമ്മീഷൻ ആ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി വിളിക്കുന്ന ഉദ്യോഗസ്ഥൻമാർ സംസ്ഥാനത്തിലുള്ള ആളുകളല്ലെയെന്ന്. ഏത് സംസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് കമ്മീഷനാണ് പിന്നെ പരലോകത്തുനിന്ന് ഉദ്യോഗസ്ഥൻമാരെ കൊണ്ടുവരുന്നത്? ഇവിടെയുള്ളവരല്ലേ പറ്റുകയുള്ളൂ? ഇപ്പോൾ നിങ്ങൾക്ക് അത് വിശ്വാസമില്ല. ഞാൻ ചോദിക്കട്ടെ, വാർഡ് വിഭജനത്തിനുള്ള അധികാരം നിങ്ങളെ ഏൽപ്പിച്ചാൽപോലും നിങ്ങൾക്ക് സംശയമാണ്. നിങ്ങൾ വാർഡ് വിഭജിച്ചാൽ അത് ഇടതുപക്ഷത്തുനിന്ന് അനുകൂലമാകുമോയെന്ന് സംശയിക്കുന്നില്ലേ? അതാണ് നിങ്ങളുടെ മാനസികാവസ്ഥ. അതുകൊണ്ട് അത്തരം ബാലിശമായിട്ടുള്ള വാദഗതികളിലേക്ക് നമ്മൾ പോയിക്കൂടാ. രണ്ടാമത് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്, ജനകീയാസൂത്രണത്തിൽ 3300 കോടി രൂപ കട്ട്മുടിച്ചുവെന്നാണ്. വല്ലാത്ത കഷ്ടം തന്നെ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ ഒരു സർക്കുലറാണ് വായിച്ചത്.

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : സർ, സർക്കുലർ വായിക്കുമ്പോൾ തന്നെ അതിൽ എഴുതിയിരിക്കുന്നത് സ്വന്തം മനസ്സ് വച്ച് ഒന്ന് പരിശോധിക്കാമല്ലോ. ഈ ഗവൺമെന്റ് ജനകീയാസൂത്രണത്തിന്റെ മൂന്നാമത്തെ വർഷത്തിലാണ് നിൽക്കുന്നത്. ആദ്യത്തെ വർഷം കൊടുത്തിട്ടുള്ളത് 750 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

യാണ്. രണ്ടാമത്തെ വർഷം കൊടുത്തിട്ടുള്ളത് 950 കോടി രൂപ, മൂന്നാമത്തെ വർഷം കൊടുക്കാൻ കണക്കാക്കിയിട്ടുള്ളത് 1020 കോടി രൂപയാണ്. അതിൽ നാലാമത്തെ ഗഡു ചുരുക്കം ചില പഞ്ചായത്തുകളേ വാങ്ങിയിട്ടുള്ളൂ. എന്റെ കണക്കുപ്രകാരം കൊടുത്തിട്ടുള്ളത് ഏതാണ്ട് രണ്ടായിരത്തിനാനൂറ്റി ചില്വാനം കോടി രൂപയാണ്. ഇത്രയും രൂപ കൊടുക്കുമ്പോഴേക്കും മൂവായിരത്തിൽ ചില്വാനം കോടി രൂപ അഴിമതി കാണിച്ചുവെന്ന് പറയുന്നത് എന്തൊരു അത്ഭുതമാണ്!

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഓരോ വർഷവും എത്ര രൂപ വച്ച് നൽകിയിട്ടുണ്ടെന്നുള്ള ശ്രീ. ഉമ്മൻചാണ്ടിയുടെ ചോദ്യത്തിന് 1.3.2000-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ ഉത്തരം ഞാൻ വായിക്കാം. 1997-98-ൽ 1025 കോടി രൂപ. 1998-99-ൽ 1116 കോടി രൂപ, 1999-2000-ൽ 1154 കോടി രൂപ. അങ്ങ് മൊത്തം വായിച്ചിട്ട് പറഞ്ഞാൽ മതി. നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : സർ, ഇവിടെ ജനകീയാസൂത്രണത്തിനുവേണ്ടി കൊടുത്തിട്ടുള്ള ഫണ്ട് ദുർവിനിയോഗം ചെയ്തു, അഴിമതി കാണിച്ചു എന്നാണ് ബഹുമാനപ്പെട്ട മെംബർ ഇവിടെ പ്രസംഗിച്ചത്. ഞാൻ അതു സംബന്ധിച്ചാണ് മറുപടി പറയുന്നത്. ഒരു ലക്ഷത്തിൽപ്പരം വോട്ടർമാരുള്ള മണ്ഡലത്തിൽ നിന്നാണ് വന്നിട്ടുള്ളതെങ്കിലും ആയിരത്തിൽത്താഴെവരുന്ന പഞ്ചായത്ത് മെമ്പർമാർ ജനപ്രതിനിധികളാണ്. ആ ജനപ്രതിനിധികളെ പരസ്യമായി അവഹേളിക്കുന്നതിന് തുല്യമാണ് ഈ അഭിപ്രായപ്രകടനം. അവരൊക്കെ അഴിമതിക്കാരാണോ? ഇവിടെ ജനകീയാസൂത്രണത്തെ സംബന്ധിച്ച് വളരെ ശക്തമായിട്ടുള്ള വിമർശനങ്ങൾ ആദ്യത്തെ ഘട്ടത്തിൽ ഉയർന്നു വന്നതാണ്. സർക്കുലറുകൾ കാട്ടി ഭയപ്പെടുത്തുകയൊന്നും വേണ്ട. അതെല്ലാം അറിയും. ബഹുമാനപ്പെട്ട മെമ്പർ സർക്കുലറിലെ രണ്ട് വാചകം വായിച്ചിട്ട് പിന്നെ ഇഷ്ടപ്രകാരം സംസാരിച്ച് കാര്യങ്ങൾ ഒപ്പിക്കണ്ട. ഇതൊക്കെ ഇവിടെ ഇരിക്കുന്നവർ അറിയാത്തതല്ല, ഇവിടെ അതൊക്കെ അറിയും. എം.എൽ.എ മാരായിട്ടുള്ള നിങ്ങളിൽ മിക്കവാറും പേർ അഞ്ചും എട്ടും പഞ്ചായ്ത്തുകളുൾക്കൊള്ളുന്ന പ്രദേശത്തു നിന്നാണല്ലോ വരുന്നത്. ആ പ്രദേശങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് നേരെ കണ്ണോട് കണ്ടിട്ട് ഇവിടെ വരുന്നവരല്ലേ? എന്നിട്ട് യാതൊരുതരത്തിലുള്ള മനസ്സാക്ഷികുത്തുമില്ലാതെ ഇതിൽ മുഴുവൻ അഴിമതി കാണിച്ചുവെന്ന് പറയുമ്പോൾ നിങ്ങൾ ഇന്ന് വന്നുപെട്ടിട്ടുള്ള മാനസികാവസ്ഥയുടെ ബഹിർ സ്ഫുരണമാണിതെല്ലാം; അതല്ലാതെ മറ്റൊന്നുമല്ല. ഈ ബില്ലിൽ അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ വച്ചിട്ടുള്ളത് ആരെയോ രക്ഷിക്കാൻ വേണ്ടിയാണെന്ന് പറഞ്ഞു. ആരെയും രക്ഷിക്കേണ്ട കാര്യമില്ല. ഞാൻ കഴിഞ്ഞകാലത്തേയ്ക്കൊന്നും പോകുന്നില്ല. ഇവിടെ ഉയർന്നു നിൽക്കുന്ന പല കെട്ടിടങ്ങളുടെയും സ്ഥിതി നമുക്കറിയാം. സൗത്ത് പാർക്ക് നമ്മൾ കാണുന്നില്ല? എവിടെയാണ് കിടക്കുന്നത്? അങ്ങനെ 100 എണ്ണം ഇവിടെ എണ്ണി പറയാനുണ്ട്. ഇത് അതല്ല. അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ മുമ്പാകെ വരുന്ന സമയത്ത് അതിന്റെ അത്യാവശ്യകത ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനുവേണ്ടി ഒരു വ്യവസ്ഥ കൊണ്ടുവരുന്നു എന്നേയുള്ളൂ. അതല്ലാതെ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർമാർ ഉദ്ദേശിക്കുന്നതുപോലെ കഴിഞ്ഞകാല പാരമ്പര്യംവച്ച് ഇന്നാർക്കാണ് കൊടുക്കുക എന്നുള്ളതല്ല. 'തന്നെപ്പോലെ തന്റെ അയൽക്കാരനേയും കാണണം' എന്ന് പറഞ്ഞിട്ടില്ലേ, കഴിഞ്ഞകാലത്ത് കണ്ടത് ഞങ്ങൾക്കും ബാധകമാണെന്നുള്ളത് തെറ്റിദ്ധരിക്കരുത്. പിന്നെ ഒരു ഉദ്യോഗസ്ഥനെ അദ്ധ്യക്ഷനായിരിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു, ആദ്യത്തേതിൽ ഉദ്യോഗസ്ഥൻമാരായിരിക്കും. രണ്ടാമത് അതല്ല, ജനപ്രതിനിധികൾക്കാണ് കൂടുതൽ അധികാരം കൊടുക്കുന്നത്. മിക്കവാറും തദ്ദേശഭരണസ്ഥാപനങ്ങളിൽ ഏതെങ്കിലും ഒരു മുന്നണിയാണ് ഭരിക്കുന്നത്. സ്വാഭാവികമായിട്ടും പ്രസിഡന്റിന്റെ അതേ പാർട്ടിക്കാരൻ തന്നെയായിരിക്കും വൈസ് പ്രസിഡന്റ്. ഒന്നുകിൽ വൈസ് പ്രസിഡന്റിനെതിരായിട്ടായിരിക്കും അവിശ്വാസം, അതല്ലെങ്കിൽ പ്രസിഡന്റിനെതിരായിട്ടായിരിക്കും. പ്രസിഡന്റിനെതിരായി അവിശ്വാസം വരികയാണെങ്കിൽ അദ്ധ്യക്ഷത വഹിക്കേണ്ടത് വൈസ് പ്രസിഡന്റാണ്. അല്ലെങ്കിൽ മറിച്ചും. സ്വാഭാവികമായിട്ടും രാഷ്ട്രീയമായ ഒരു നിലപാട് വച്ചുകൊണ്ട് ആ യോഗം നടന്നാൽ അവിശ്വാസ പ്രമേയം പാസ്സാകുമെന്ന് കണ്ടാൽ ചർച്ച നടക്കാതിരിക്കാനുള്ള ശ്രമം ബന്ധപ്പെട്ടവർ നടത്തും.

അത് ഒഴിവാക്കുന്നതിനാണ് ഇത്തരം ഭേദഗതി കൊണ്ടുവന്നത് വാസ്തവത്തിൽ നമ്മുടെ ജനപ്രതിനിധികൾ ആ രീതിയിലേക്ക് പോകാൻ പാടില്ല. ആ നിലപാട് സ്വീകരിച്ചില്ലെങ്കിൽ പഞ്ചായത്തുകൾ അഞ്ചാറു മാസക്കാലത്തേക്ക് സ്തംഭിച്ചു നിൽക്കുകയായിരിക്കും ഫലം. ഒന്നും ചെയ്യാൻ കഴിയില്ല. പദ്ധതി പണം വാങ്ങാൻ കഴിയില്ല. ചെലവഴിക്കാൻ കഴിയില്ല. അത്തരം ഒരു സാഹചര്യം ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഉദ്യോഗസ്ഥനാകട്ടെ എന്ന് തീരുമാനിച്ചത്. ഉദ്യോഗസ്ഥനായാൽ തകരാറ് കാണിക്കില്ലേ? കാണിക്കാം.

[2 P.M.]

<u>ശ്രീ. കെ.സി. ജോസഫ്</u> : ആ സാഹചര്യം കൊണ്ടുവന്നത് അങ്ങല്ലേ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : ആ സാഹചര്യം കൊണ്ടു വന്നത്..... ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ട ഒരു കാര്യം ഇപ്പോൾ പണ്ടത്തെ ഉണക്ക പഞ്ചായത്തല്ലല്ലോ ഉള്ളത്. കൂടുതൽ അധികാരം പഞ്ചായത്തിന് കൊടുത്തിട്ടുണ്ട്. അത് നമ്മൾ വിശ്വസിച്ചു കൊടുത്തതാണ്. അതിനനുസരിച്ച് അവരെ ഈ കാര്യത്തിലും ഉൽബുദ്ധത കാണിക്കും എന്നുള്ള പ്രതീക്ഷയിലാണ് നമ്മൾ ചെയ്തത്. ചിലയിടത്തെങ്കിലും അത് ദുരുപയോഗപ്പെട്ടു പോകുന്നു. അതൊഴിവാക്കുന്നതിനുവേണ്ടിയാണ് ഇത് കൊണ്ടുവന്നത്. പണ്ടത്തെ പഞ്ചായത്തല്ല എന്നുള്ളതുകൊണ്ടാണ്. ഇതാണ് പ്രധാനപ്പെട്ട മാറ്റം. അതുകൊണ്ട് ഇനിയും ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞിട്ടുള്ളതുപോലെ സബ്ജക്ട് കമ്മിറ്റി പരിശോധിക്കട്ടെ.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : അങ്ങ് 407-ാം വകുപ്പിനെക്കുറിച്ച് പറഞ്ഞല്ലോ. സാധാരണക്കാർക്ക് വേണ്ടിയാണ് എന്ന്. സബ്ജക്ട് കമ്മിറ്റിയിൽ പോകുമ്പോൾ ഇത്ര പരിധിവരെയേ കൊടുക്കുകയുള്ളൂ എന്ന് സ്പെസിഫൈ ചെയ്തുകൂടെ?

<u>ശ്രീ. പാലൊളി മുഹമ്മദ്കുട്ടി</u> : പഞ്ചായത്ത് രാജ് ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് അതേമാതിരി പരിശോധിച്ച് ആവശ്യമായിട്ടുള്ള മാറ്റം വരുത്താം. പിന്നീട് നമുക്ക് ചർച്ച ചെയ്യാം. ഈ ഉദ്ദേശമല്ലാതെ മറ്റൊന്നുമില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ ബിൽ തദ്ദേശഭരണവും സഹകരണവും സംബന്ധിച്ച് IX -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ഇസഹാക്ക് കുരിക്കൾ, അങ്ങയുടെ നിരാകരണപ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : നിരാകരണ പ്രമേയത്തെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. ഇസഹാക്ക് കുരിക്കൾ അവതരിപ്പിച്ച നിരാകരണ പ്രമേയം നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ഡൊമനിക് പ്രസന്റേഷൻ : അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡൊമനിക് പ്രസന്റേഷൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ഡൊമനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ശ്രീ. ഡൊമനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എം. നാരായണൻ (കുഴൽമന്ദം), അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. നാരായണൻ (കുഴൽമന്ദം) അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശഭരണവും സഹകരണവും സംബന്ധിച്ച IX--ാംനമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

നിഷ്പക്ഷത പാലിക്കുന്നവർ .....

പ്രമേയം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചിരിക്കുന്നു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് മാസം 7-ാം തീയതി രാവിലെ 8.30-ന് സമ്മേളിക്കുന്നതിനുവേണ്ടി സഭ ഉച്ചയ്ക്കുശേഷം 2.02 ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - V

പത്താം കേരള നിയമസഭ

ബിൽ നമ്പർ 237

2000- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

LIBRARY ARCHIVES Kerala Legislative Assembly

2000-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക-1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തിയൊന്നാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും: - (1) ഈ ആക്റ്റിന് 2000-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഈ ആക്റ്റിലെ 7-ാം വകുപ്പ് ഉടൻ പ്രാബല്യത്തിൽ വരുന്നതും ശേഷിക്കുന്ന വകുപ്പുകൾ 2000 ജനുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 19-ാം വകുപ്പിനുള്ള ഭേദഗതി - 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 19-ാം വകുപ്പിൽ-

(1) (4)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ് അതായത് :-

"(4) ഈ വകുപ്പ് പ്രകാരം വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥൻ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.";

(2) (4എ) ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

3. 38-ാം വകുപ്പിനുള്ള ഭേദഗതി - പ്രധാന ആക്റ്റിന്റെ 38-ാം വകുപ്പിൽ-

(1) (3)-ാം ഉപവകുപ്പിൽ "അയാളെ ചെയർപേഴ്സണോ ആദ്ധ്യക്ഷം വഹിക്കുന്ന ആളോ തീരുമാനിക്കുന്ന കാലയളവിലേക്ക്" എന്ന വാക്കുകൾക്ക് പകരം "ചെയർപേഴ്സൺ അല്ലെങ്കിൽ ആദ്ധ്യക്ഷം വഹിക്കുന്ന ആൾക്ക് അയാളെ ആ ദിവസത്തേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതാണ്.

4. 69-ാം വകുപ്പിനുള്ള ഭേദഗതി- പ്രധാന ആക്റ്റിലെ 69-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനോ അത് ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. 69-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ- പ്രധാന ആക്റ്റിലെ 69-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്., അതായത്: -

" 69എ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അന്തിമ ഉത്തരവുകൾ പുന:പരിശോധന ചെയ്യാമെന്ന്- (1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സ്വമേധയായോ അല്ലെങ്കിൽ അപേക്ഷയിൻമേലോ 69-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതൊരു ഉത്തരവും പുനഃപരിശോധിക്കാവുന്നതും അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുനഃപരിശോധനയ്ക്കുള്ള ഒരു അപേക്ഷ പരാതിക്കാസ്പദമായ അന്തിമ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം ബോധിപ്പിക്കേണ്ടതാകുന്നു.

എന്നാൽ ഏത് ഉത്തരവിന് എതിരായാണോ പരാതി ബോധിപ്പിച്ചത് ആ ഉത്തരവിന്റെ പകർപ്പ് ലഭിക്കുന്നതിന് എടുത്ത സമയം പ്രസ്തുത പതിനഞ്ച് ദിവസം കണക്കാക്കുന്നതിൽ നിന്നും വിട്ടുകളയേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും അത് പുറപ്പെടുവിച്ച് കഴിഞ്ഞ് കഴിയുന്നതും വേഗം ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയിലെ നോട്ടീസ് ബോർഡിലും അങ്ങനെയുള്ള മുനിസിപ്പൽ ഭൂപ്രദേശത്തിനുള്ളിലെ പ്രമുഖ സ്ഥലത്തും പതിച്ചുകൊണ്ട് പ്രസിദ്ധീകരിക്കേണ്ടതും, അപ്രകാരമുള്ള പ്രസിദ്ധീകരണം നടത്തിയ വസ്തുത ഗസറ്റിലും ബന്ധപ്പെട്ട മുനിസിപ്പൽ ഭൂപ്രദേശത്ത് വ്യാപകമായി പ്രചാരമുള്ള രണ്ട് പ്രാദേശിക പത്രങ്ങളിലും പ്രസിദ്ധീകരിക്കേണ്ടതും ആകുന്നു".

6. 89-ാം വകുപ്പിനുള്ള ഭേദഗതി - പ്രധാന ആക്ടിലെ 89-ാം വകുപ്പിൽ "ഉത്തരവിന്റെ തീയതി മുതൽ തെരഞ്ഞെടുക്കപ്പെട്ടിരുന്ന കൗൺസിലിന്റെ കാലാവധി കഴിയുന്നതുവരെ" എന്ന വാക്കുകൾക്കു പകരം "ആ ഉത്തരവിന്റെ തീയതിതൊട്ട് അഞ്ച് വർഷക്കാലത്തേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 383 എ വകുപ്പിനുള്ള ഭേദഗതി - പ്രധാന ആക്ടിലെ 383 എ വകുപ്പിൽ നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്ക് പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്: -

എന്നാൽ ഈ ആക്റ്റ് നിലവിൽ വരുന്ന തീയതിയിൽ നില നിൽക്കുന്ന കെട്ടിടത്തിനു മുകളിൽ ഒന്നാം നിലയോ രണ്ടാം നിലയോ രണ്ടും കൂടിയോ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി നിർമ്മിക്കുന്നതിന് പ്രസ്തുത മൂന്നു മീറ്റർ ദൂരപരിധി ബാധകമാകുന്നതല്ല.

എന്നുമാത്രമല്ല, ഏതൊരു കെട്ടിടത്തിലേക്കും പ്രവേശിക്കുന്നതിന് മാത്രമായി ഉപയോഗിക്കാവുന്ന പാതയോ പാലമോ അതുപോലുള്ള മറ്റു നിർമ്മാണങ്ങളോ കെട്ടിടത്തിന്റെ ഭാഗമായിട്ടുള്ള വെതർഷേഡോ, സൺഷേഡോ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കു വിധേയമായി പ്രസ്തുത മൂന്നു മീറ്റർ പരിധിക്കുള്ളിൽ നിർമ്മിക്കാവുന്നതാണ്."

8. 407-ാം വകുപ്പിനുള്ള ഭേദഗതി- പ്രധാന ആക്ടിലെ 407-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "1998 ഡിസംബർ 31-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം " 1999 ഒക്ടോബർ പതിനഞ്ചാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

9. റദ്ദാക്കലും ഒഴിവാക്കലും (1) 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2000-ത്തിലെ 4) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെട്ടതോ ആയ ഏതെങ്കിലും കാര്യമോ അല്ലെങ്കിൽ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ചെയ്തതായോ അല്ലെങ്കിൽ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 19-ാം വകുപ്പ് (4)-ാം ഉപവകുപ്പനുസരിച്ച് ചെയർപേഴ്സന്റെയോ ഡെപ്യൂട്ടി ചെയർപേഴ്സന്റെയോ പേരിൽ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം പരിഗണനയ്ക്കെടുക്കാനുള്ള ഒരു യോഗത്തിൽ പ്രസ്തുത വകുപ്പിന്റെ(2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണെന്നും ഈ ആവശ്യത്തിനായി 19-ാം വകുപ്പ് (4)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യാനും (4എ) ഉപവകുപ്പ് ഒഴിവാക്കുവാനും സർക്കാർ തീരുമാനിച്ചു.

2. മുനിസിപ്പാലിറ്റിയിലെ കൗൺസിലിന്റെ ഒരു യോഗത്തിൽ ഏതെങ്കിലും അംഗം ക്രമരഹിതമായി പെരുമാറുകയും യോഗം നടത്തുന്നതിന് തടസ്സം ഉണ്ടാക്കുകയും ചെയ്യുന്ന പക്ഷം അദ്ധ്യക്ഷന് അയാളെ ആ ദിവസത്തേയ്ക്ക് സസ്പെന്റ് ചെയ്യുന്നതിനുള്ള അധികാരം നൽകുന്നതിനായി 38-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

3. 69-ാം വകുപ്പ് പ്രകാരം തിരഞ്ഞെടുപ്പിനുവേണ്ടി മുനിസിപ്പാലിറ്റികളെ വാർഡുകളായി വിഭജിക്കുന്നതും അവയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതും വാർഡുകളെ പട്ടികജാതികൾക്കോ, പട്ടികവർഗ്ഗങ്ങൾക്കോ, സ്ത്രീകൾക്കോ വേണ്ടി സംവരണം ചെയ്യുന്നതും സംബന്ധിച്ച ചുമതല സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനു പുറമേ അത് ഈ ആവശ്യത്തിലേയ്ക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനും നൽകുന്നതിനും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥൻ പുറപ്പെടുവിക്കുന്ന ഉത്തരവ് പുനഃപരിശോധിക്കാനുള്ള അധികാരം തിരഞ്ഞെടുപ്പ് കമ്മീഷന് നൽകുന്നതിനും 69-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യാനും 69എ എന്ന ഒരു പുതിയ വകുപ്പ് ചേർക്കാനും സർക്കാർ തീരുമാനിച്ചു.

4. തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന ആളെ അഞ്ചുവർഷത്തേയ്ക്ക് കൗൺസിലറായി തിരഞ്ഞെടുക്കുന്നതിന് അയോഗ്യനാക്കുന്നതിനും അതിനായി 89-ാം വകുപ്പ് ഭേദഗതി ചെയ്യാനും തീരുമാനിച്ചു.

5. പ്രധാന ആക്ടിലെ 383 'എ' വകുപ്പനുസരിച്ച് പൊതു റോഡുകളോട് ചേർന്നു കിടക്കുന്ന ഭൂമിയുടെ അതിരിൽ നിന്ന് മൂന്ന് മീറ്ററിനുള്ളിൽ കെട്ടിട നിർമ്മാണം നടത്തുന്നത് നിരോധിച്ചിരുന്നു. ഈ വ്യവസ്ഥയിൽ നിന്ന് നിലവിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയോ രണ്ടാം നിലയോ രണ്ടും കൂടിയോ നിർമ്മിക്കുന്നതിനെയും കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള പാതയോ പാലമോ കെട്ടിടത്തിന്റെ ഭാഗമായുള്ള സൺഷേഡോ വെതർഷേഡോ നിർമ്മിക്കുന്നതിനെയും ഒഴിവാക്കാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

6. അനധികൃത ഭൂവികസനമോ കെട്ടിടനിർമ്മാണമോ ക്രവവൽക്കരിക്കുന്നതിന് സർക്കാരിനുള്ള അധികാരം 1999 ഒക്ടോബർ 15-ാം തീയതി വരെയുള്ള നിർമ്മാണങ്ങൾക്ക് കൂടി ബാധകമാക്കാനും അതിനായി 407-ാം വകുപ്പ് ഭേദഗതി ചെയ്യാനും തീരുമാനിച്ചു.

7. സംസ്ഥാന നിയമസഭ സമ്മേളനത്തിൽ അല്ലാതിരുന്നതിനാലും ആക്റ്റിലെ 383 എ വകുപ്പിനുള്ള ഭേദഗതി ഒഴികെ മുകളിൽ പറഞ്ഞ നിർദ്ദേശം അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടിയിരുന്നതിനാലും കേരളാ ഗവർണ്ണർ 2000 ജനുവരി 18-ാം തീയതി 2000-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2000-ത്തിലെ 4) വിളംബരപ്പെടുത്തുകയും അത് 2000 ജനുവരി 18-ാം തീയതിയിലെ 98-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2000 ത്തിലെ 4-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. മേൽപ്പറഞ്ഞ ഓർഡിനൻസിനു പകരവും പുതിയ ഭേദഗതി ഉൾപ്പെടുത്തിയും സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പാലൊളി മുഹമ്മദ് കുട്ടി.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

19. അവിശ്വാസ പ്രമേയം ** ** **

** ** ** ** **

(4) ഈ വകുപ്പ് പ്രകാരം വിളിച്ചു കൂട്ടിയ ഒരു യോഗത്തിൽ -

(എ) പ്രമേയം ഡെപ്യൂട്ടി ചെയർപേഴ്സണ് എതിരായിട്ടാണെങ്കിൽ ചെയർപേഴ്സണും;

(ബി) പ്രമേയം ചെയർപേഴ്സണെതിരായിട്ടാണെങ്കിൽ, ഡെപ്യൂട്ടി ചെയർപേഴ്സണും;

(സി) അതതു സംഗതിപോലെ, ചെയർപേഴ്സണോ ഡെപ്യൂട്ടി ചെയർപേഴ്സണോ സ്ഥലത്തില്ലാത്തതിനാലോ മറ്റു വിധത്തിലോ(എ) എന്ന ഖണ്ഡത്തിലോ (ബി) എന്ന ഖണ്ഡത്തിലോ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിന് കഴിയുന്നില്ലെങ്കിൽ 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന മുൻഗണനാക്രമത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ;

ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്:

എന്നാൽ ഈ ഖണ്ഡ പ്രകാരവും ആർക്കും തന്നെ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിന് കഴിയുന്നില്ലെങ്കിൽ യോഗത്തിൽ സന്നിഹിതരായിട്ടുള്ള തിരഞ്ഞെടുത്ത കൗൺസിലർമാർ അവരുടെ ഇടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരു കൗൺസിലർ ആദ്ധ്യക്ഷം വഹിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

** ** ** ** **

(4എ) 2-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഈ വകുപ്പ് പ്രകാരം വിളിച്ചു കൂട്ടിയ യോഗത്തിൽ ഒരു നിരീക്ഷകനായി പങ്കെടുക്കേണ്ടതാണ്.

** ** ** ** **

38. കൗൺസിലിൽ ആദ്ധ്യക്ഷം വഹിക്കൽ - (1) **

** ** ** ** **

(3) ഏതെങ്കിലും അംഗം ക്രമരഹിതമായി പെരുമാറുകയും ഒരു യോഗം നടത്തുന്നതിന് തടസ്സം ഉണ്ടാക്കുകയും ചെയ്യുന്ന പക്ഷം, ചെയർപേഴ്സണോ ആദ്ധ്യക്ഷം വഹിക്കുന്ന ആളോ അങ്ങനെയുള്ള അംഗത്തോട് ഉടൻ പുറത്തുപോകാൻ നിർദ്ദേശിക്കേണ്ടതും, അത് അനുസരിച്ചില്ലെങ്കിൽ, അയാളെ ചെയർപേഴ്സണോ ആദ്ധ്യക്ഷം വഹിക്കുന്ന ആളോ തീരുമാനിക്കുന്ന കാലയളവിലേക്ക് സസ്പെന്റ് ചെയ്യപ്പെട്ട അങ്ങനെ സസ്പെന്റ് ചെയ്യപ്പെടുന്ന ആൾ അതിനുശേഷം ഉടൻതന്നെ യോഗത്തിൽ നിന്നും പുറത്തു പോകേണ്ടതും അതിൽ വീഴ്ച വരുത്തുന്നപക്ഷം, ആവശ്യമെങ്കിൽ ന്യായമായ ബലം ഉപയോഗിച്ച് അയാളെ നീക്കം ചെയ്യാവുന്നതുമാണ്.

എന്നാൽ ചെയർപേഴ്സണോ ആദ്ധ്യക്ഷം വഹിക്കുന്ന ആൾക്കോ തന്റെ വിവേചനാധികാരത്താൽ സസ്പെൻഷൻ ഉത്തരവ് റദ്ദാക്കാവുന്നതും കൗൺസിൽ പ്രമേയം പാസ്സാക്കി ആവശ്യപ്പെടുന്ന പക്ഷം റദ്ദാക്കേണ്ടതും ആണ്.

** ** ** ** **

69. തിരഞ്ഞെടുപ്പിനുവേണ്ടി മുനിസിപ്പാലിറ്റികളെ വാർഡുകളായി വിഭജിക്കൽ, സംവരണം മുതലായവ -(1) മുനിസിപ്പാലിറ്റികളിലേയ്ക്ക് കൗൺസിലർമാരെ തിരഞ്ഞെടുക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആക്ഷേപങ്ങളും അഭിപ്രായങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ അവ ക്ഷണിച്ചുകൊണ്ട് നിർദ്ദേശങ്ങൾ മുൻകൂട്ടി പ്രസിദ്ധീകരിച്ചതിനുശേഷവും അവ പരിഗണിച്ചതിനുശേഷവും മുനിസിപ്പാലിറ്റികളെ, 6-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്ത സ്ഥാനങ്ങളുടെ എണ്ണം എത്രയാണോ അത്രയും എണ്ണം വാർഡുകളായി വിഭജിക്കേണ്ടതും അവയുടെ അതിർത്തികൾ നിർണ്ണയിക്കേണ്ടതും പട്ടികജാതികൾക്കോ പട്ടികവർഗ്ഗങ്ങൾക്കോ സ്ത്രീകൾക്കോ വേണ്ടി സംവരണം ചെയ്യേണ്ടതായ വാർഡുകൾ നിശ്ചയിക്കേണ്ടതുമാണ്.

എന്നാൽ ഒരു മുനിസിപ്പാലിറ്റിയിലെ ഓരോ വാർഡിലെയും ജനസംഖ്യ, പ്രായോഗികമായിരിക്കുന്നിടത്തോളം, തുല്യമായിരിക്കേണ്ടതാണ്.

** ** ** ** **

89. തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തിയാലുള്ള അയോഗ്യത :- ഒരാൾ-

(എ) നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും തെരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും വീഴ്ച വരുത്തിയതിന് മതിയായ കാരണമോ ന്യായീകരണമോ ഇല്ലെന്നും; അഥവാ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബോധിപ്പിച്ച കണക്കുകൾ കളവാണെന്നോ;

(സി) നിർണ്ണയിക്കപ്പെട്ട പരിധിയിൽ കൂടുതൽ തെരഞ്ഞെടുപ്പിലേക്ക് ചെലവ് ചെയ്തിട്ടുണ്ടെന്നോ;

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ അത് ഗസറ്റിൽ പരസ്യപ്പെടുത്തുന്ന ഉത്തരവ് വഴി, അയാളെ അയോഗ്യനായി പ്രഖ്യാപിക്കേണ്ടതും, അങ്ങനെയുള്ള ഏതൊരാളും ഉത്തരവിന്റെ തീയതി മുതൽ തിരഞ്ഞെടുക്കപ്പെട്ടിരുന്ന കൗൺസിലിന്റെ കാലാവധി കഴിയുന്നതുവരെ കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതുമാണ്."

** ** ** ** **

383.എ. പൊതു റോഡുകളോടു ചേർന്നിരിക്കുന്ന നിർമ്മാണങ്ങൾക്ക് നിരോധനം - ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരു ആളും ദേശീയപാതയോടോ സംസ്ഥാന പാതയോടോ ജില്ലാ റോഡുകളോടോ മുനിസിപ്പാലിറ്റി വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും റോഡുകളോടോ ചേർന്ന് കിടക്കുന്ന ഏതെങ്കിലും ഭൂമിയിൽ തന്റെ ഭൂമിയുടെ റോഡിനോട് ചേർന്ന അതിരിൽ നിന്ന് മൂന്നു മീറ്ററിനുള്ളിൽ ഏതെങ്കിലും കെട്ടിടമോ ചുറ്റുമതിലില്ലാത്ത ഏതെങ്കിലും നിർമ്മാണമോ നടത്തുവാൻ പാടുള്ളതല്ല.

എന്നാൽ ഈ ആക്റ്റ് നിലവിൽ വരുന്ന സമയത്ത് പ്രസ്തുത മൂന്നു മീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന ഏതെങ്കിലും കെട്ടിടത്തോട് ഏതെങ്കിലും കൂട്ടിച്ചേർക്കലുകൾ, അത് കെട്ടിടത്തിന്റെ വശങ്ങളിലായാലും മുകളിലായാലും പ്രസ്തുത മൂന്നു മീറ്റർ പരിധിക്കും ആക്റ്റിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി അനുവദിക്കാവുന്നതും അപ്രകാരം അനുവദിക്കുമ്പോൾ അപ്രകാരമുള്ള കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ റോഡിനോട് ചേർന്ന അതിരിൽ നിന്നും മൂന്നു മീറ്ററിനകത്ത് സ്ഥിതിചെയ്യുന്ന നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗം ഏതെങ്കിലും നഗരാസൂത്രണ പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി പൊളിച്ച് മാറ്റേണ്ടിവരുമ്പോൾ അത് ബാക്കി വരുന്ന കെട്ടിടത്തിനെയോ പുതുതായി നടത്തുന്ന കൂട്ടിച്ചേർക്കലിനെയോ ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കേണ്ടതും അതിന്റെ സുരക്ഷയും ഉറപ്പും സംബന്ധിച്ച് പൂർണ്ണ ഉത്തരവാദിത്വം കെട്ടിട ഉടമസ്ഥനിൽ ആയിരിക്കുന്നതും അയാൾ ഇതിലേയ്ക്കായി ഒരു സമ്മതപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്".

** ** ** ** **

"407. അനധികൃത കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം -(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 1998 ഡിസംബർ 31-ാം തീയതിയോ അതിനുമുമ്പോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും ഭൂവികസനമോ കെട്ടിട നിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ സർക്കാരിന് ബന്ധപ്പെട്ട മുൻസിപ്പാലിറ്റിയുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് അപ്രകാരമുള്ള ഭൂവികസനമോ കെട്ടിട നിർമ്മാണമോ ക്രമവൽക്കരിക്കാവുന്നതാണ്.

എന്നാൽ, അപ്രകാരമുള്ള ക്രമവൽക്കരണം നിലവിലുള്ള ടൗൺ പ്ലാനിംഗ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും നഗരാസൂത്രണ പദ്ധതിയേയോ മാസ്റ്റർ പ്ലാനിനേയോ ദോഷകരമായി ബാധിക്കുവാൻ പാടില്ലാത്തതാണ്;

LIBRARY ARCHIVES Kerala Legislative Assembly

എന്നുമാത്രമല്ല, ഈ ആക്റ്റിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നടത്തിയിട്ടുള്ള യാതൊരു കെട്ടിട നിർമ്മാണവും ക്രവൽക്കരിക്കുവാൻ പാടില്ലാത്തതാണ്.

** ** ** ** ** ** ** **

LIBRARY ARCHIVES Kerala Legislative Assembly